

ക്കോത്ത് കുമാരൻ

1108

# കാകൻ

THE KOTTAYAM PUBLIC LIBRA[RY]
KOTTAYAM.
TRAVANCORE.

(Malayalam)

# KAAKAN

BY

**MURKOTH KUMARAN**

First impression October 1918

Second impression May 1958

*Rights Reserved*

Published by

The Kerala Printing & Publishing Co., Ltd., Tellicherry.

---

*Distributors*

**NATIONAL BOOK STALL**

**KOTTAYAM KERALA STATE**

Re. 0.75

# കാകകൻ

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

മൂർക്കോത്ത് കുമാരൻ

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE

7012

NATIONAL BOOK STALL
KOTTAYAM.
KALLUKAL BAZAAR

നാഷനൽ ബുക്ക് സ്റ്റാൾ
കോട്ടയം — തിരുവനന്തപുരം
വില ക. 0.75

## ഗ്രന്ഥകാരൻെറ കൃതികൾ

1. കനകകംമൂലം (നോവൽ)
2. ലോകാപവാദം (നോവൽ)
3. ആശാകുല (പദ്യം)
4. ദൾമ്മമാല (പദ്യം തൎജ്ജിമ)
5. ഇലഞ്ഞിപ്പൂമാലയും മററു ഖണ്ഡകൃതികളും
6. അമ്പുനായർ (നോവൽ)
7. വസുമതി (നോവൽ)
8. ഒരു വൈദ്യൻെറ ചില അനുഭവങ്ങൾ (ഡിററക്ടീവ് കഥകൾ)
9. രജപുത്രവിവാഹം
10. കുനിയുടെ കുസൃതി (നാടകം)
11. യാദവകൃഷ്ണൻ (ജീവചരിത്രം)
12. ഒയ്യാരത്തു ചന്തുമേനോൻ (ജീവചരിത്രം)
13. രേ:ങ്ങയിൽ കുഞ്ഞിരാമൻ നായനാർ (ജീവചരിത്രം)
14. ജാഹനീറ
15. ശ്രീനാരായണഗുരുസ്വാമി (ജീവചരിത്രം)
16. കാകൻ
17. പ്രകൃതിശാസ്ത്രത്തിലെ ചില അനുഭവങ്ങൾ
18. ഗദ്യമഞ്ജരി (ഒന്നാംഭാഗം)
19. സൈരന്ധ്രി
20. മുത്തശ്ശിക്കഥകൾ
21. അമ്മമാരോട്
22. വെള്ളികൈ. (നോവൽതൎജ്ജിമ)
23. ഹിതോപദേശകഥകൾ (ഒന്നും രണ്ടും ഭാഗങ്ങൾ)
24. നൂററിൽപരം ചെറുകഥകൾ

---

Printed at the Vidya Vilasam Press, Tellicherry.

# മുഖവുര

കാക്കയെപ്പററി എഴുതുവാനുള്ളതൊക്കെ എഴുതിക്കഴിഞ്ഞു. അച്ചടിച്ചുംകഴിഞ്ഞു. "ഇനി ഒരു മുഖവുര വേണ്ടയോ"—എന്നാണ് അച്ചുകൂടക്കാർ ചോദിക്കുന്നതു്. അതിന്നാണ് വിഷമം. പുസ്തകം കാക്കയെപ്പററിയാണ്. അതിനെ സ്തുതിച്ചാലും ദൂഷിച്ചാലും ആരും ചോദിക്കുവാനില്ല. മുഖവുര പുസ്തകത്തെപ്പററി ആയിരിക്കണമല്ലൊ. അതിനെ ഞാൻതന്നെ സ്തുതിക്കുന്നതു് കുറെ അങ്ങിനെയല്ലെ? ദൂഷിക്കാൻ മനസ്സുവരുന്നില്ല. എഴുതാമെന്നുവെച്ചാൽ പലതും എഴുതാം. "ഈ പുസ്തകം അശേഷം നന്നായിട്ടില്ലെന്നു എനിക്കുതന്നെ ബോദ്ധ്യമുണ്ടു്. പക്ഷെ ചില സ്നേഹിതന്മാരുടെ നിർബ്ബന്ധംകൊണ്ടു് ഇങ്ങിനെ അച്ചടിച്ചു പരസ്യം ചെയ്തതാണ്"—എന്നു പറയാമായിരുന്നു. അതു് വെറും കളവായിരിക്കും. ഇതു് പരസ്യം ചെയ്യാൻ ആരും എന്നെ നിർബ്ബന്ധിച്ചിട്ടില്ല. "ഇതിൽ വളരെ തെററുകളുണ്ടു്. അതു് വായനക്കാർ സദയം ക്ഷമിക്കണം"—എന്നെഴുതിയാലൊ? അതു് കേവലം അനാവശ്യമാണ്. എൻെറ പുസ്തകത്തിൽ തെററുണ്ടായാലും ഇല്ലെങ്കിലും, അത് വെളിക്കിറങ്ങുന്ന തക്കവും നോക്കി അതിനെ കൊത്തിപ്പറിച്ചു ഛിന്നഭിന്നമാക്കുവാൻ, നോമ്പുംനോററു നിൽക്കുന്ന ചില രസികശിരോമണികളുണ്ടു്. അവക്ക് അതുകൊണ്ടു് കാൎയ്യസാദ്ധ്യവും ഉണ്ടെന്നാണ് ഒരാൾ ഇതിനെടെ പറഞ്ഞതു്. എനിക്കും ഗു

ണമില്ലാതെയല്ല. പുസ്തകം വേഗത്തിൽ വിററുപോകും. അതുകൊണ്ടു് കാക്കക്കു ബലിയിട്ടുകൊട്ടുക്കുമ്പോലെ, രണ്ടു പേക്കും ഉപകാരമാകത്തക്കവണ്ണം, ഈ "കാകനെ" അവക്കായി സമപ്പിക്കുക.

ഡീവറിൻെറ പുസ്തകമാണ് ഇതിന്നു അടിസ്ഥാനം. ഇതിലെ ഉപന്യാസങ്ങളിൽ ചിലതു കുറെ കൊല്ലങ്ങൾക്കു മുമ്പിൽ "രസികരഞ്ജിനി"യിൽ പരസ്യം ചെയ്തിരുന്നു. ശേഷം ഭാഗം ഇതിനെടെ എഴുതി ചേത്തതാണ്. ഇതിൽ ഒന്നാമത്തെ അദ്ധ്യായം "ഗദ്യമാലിക"യിൽ ഉദ്ധരിച്ചു കാണുന്നുണ്ടു്.

"സാഹിത്യസാഹ്യ"ത്തിൽ രീതി ധമ്മങ്ങളിൽ "ഉജ്വല"ത്തിന്ന് ഉദാഹരണമായി എടുത്തുചേത്തിട്ടുള്ളത് ഇതിൽ ഒരു ഭാഗമാണെന്നു കാണുന്നതുകൊണ്ട് പുസ്തകം പരസ്യംചെയ്യാൻ ഒരുവിധം ധൈയ്യമുണ്ടായിരിക്കുന്നുവെന്നു് ഇവിടെ സമ്മതിക്കുന്നു.

തലശ്ശേരി, മൂക്കോത്തു കുമാരൻ

9—10—'13.

"കാക"ശബ്ദത്തിന്നു സംസ്കൃതത്തിലുള്ള പൎയ്യായങ്ങ ൾ "പാരമേശ്വരി"യിൽനിന്നെടുത്തു താഴെ ചേൎക്കുന്നു:—

(1) കാകഃ (ശബ്ദിക്കുന്നത്), (2) കരടഃ (ആകാശത്തി ൽ ശബ്ദിക്കുന്നത്—ഫലസൂചകമായ ശബ്ദം ഉണ്ടാക്കുന്നത്), (3) അരിഷ്ടഃ (രോഗങ്ങളാൽ ഹിംസിക്കപ്പെടാത്തത്), (4) ബലിപുഷ്ടഃ (ബലിയിട്ട പിണ്ഡവും മററും തിന്നു ജീവിക്കു ന്നത്), (5) സൽപ്രജഃ (കൊല്ലത്തിലൊരിക്കൽ മുട്ടയിടുന്ന ത്), (6) ധ്വാംക്ഷഃ ഘോരമായി ശബ്ദിക്കുന്നത്), (7) ആ ത്മഘോഷഃ (കാ-കാ എന്നിങ്ങിനെ തന്നെത്താൻ ഘോഷി ക്കുന്നത്), (8) പരഭൃൽ (അന്യനെ ഭരിക്കുന്നത്—കുയിലി ൻെറ കുട്ടിയെ വളൎത്തുന്നതുകൊണ്ട് ഈ പേർ സിദ്ധിച്ചു), (9) ബലിഭുക്ക് (ബലിയെ ഭുജിക്കുന്നത്), (10) വായസഃ (ഗമനശീലമുള്ളത്—അല്ലെങ്കിൽ പക്ഷികളുടെ കൂട്ടത്തിൽ ചേൎന്നത്), (11) ചിരഞ്ജീവി (ചിരകാലം ജീവിക്കുന്നതു്), (12) ഏകദൃഷ്ടിഃ (ഒററക്കണ്ണൻ?) (13) മൌകുളിഃ അല്ലെ ങ്കിൽ മൌകളിഃ (യമനോട് സംബന്ധപ്പെട്ടത്), ബലഃ, ദ്രോണഃ, ഹരിഃ,—എന്നിവകളും കാക്കയെന്നൎത്ഥമാവാം.

---

# കാകൻ

## പ്രശംസാപത്രം

ഒരു രാജ്യത്തും ഒരാളും ഒരിക്കലും കാണാത്ത അരയന്നത്തെപ്പററി ഒരു വാക്കെങ്കിലും ഇല്ലാത്ത കവിത മലയാളഭാഷയിൽ ഉണ്ടെന്നു തോന്നുന്നില്ല. ഇന്ത്യയിൽ വല്ല ഭാഷയിലും ഉണ്ടോ എന്നു എനിക്കു സംശയമുണ്ട്. പക്ഷെ ആ കാൎയ്യം ഖണ്ഡിച്ചു പറവാൻ എനിക്കു നിവൃത്തിയില്ലാത്തതിനാൽ ഞാൻ വ്യസനിക്കുന്നു. സംസ്കൃതകവികൾക്ക് അരയന്നം വലിയ കാര്യമാണെന്നു പറയേണ്ടതില്ലല്ലൊ. ഇങ്ങിനെ നാമമാത്രമായി ജീവിക്കുന്ന, അഥവാ ജീവിക്കുന്നുണ്ടെങ്കിൽത്തന്നെ ബ്രഹ്മാവിനെയും വഹിച്ചുകൊണ്ട് മനുഷ്യന്നു കാണ്മാൻ സാധിക്കാത്ത വല്ല ദിക്കിലും ജീവിക്കുന്ന, ഹംസങ്ങളെപ്പററി ഇത്രയൊക്കെ ശ്ലാഘിക്കുകയും, അവയെ സംബന്ധിച്ച കാൎയ്യങ്ങൾ ഉപമേയങ്ങളാക്കി വൎണ്ണിക്കുകയും ജനങ്ങൾ സൎവ്വസാധാരണയായി സൎവ്വ ദിക്കിലും കാണുന്ന കാകനെപ്പററി അധികം പറയാതിരിക്കയും ചെയ്യുന്നത് നമ്മുടെ കവികുഞ്ജരന്മാൎക്ക് സ്വാഭാവികമായ വിവരണങ്ങളെക്കൊണ്ടും ഉദാഹരണങ്ങളെക്കൊണ്ടും കാവ്യത്തിനു തന്മയത്വവും ജീ

വന്നും നൽകാൻ അറിഞ്ഞുകൂടെന്നു ദൃഷ്ടാന്തീകരിക്കുന്നതല്ലാതെ, അതു നമ്മുടെ വായസശ്രേഷ്ഠന്ന് ഒരുവിധത്തിലും അവമാനകരമായിത്തീരുന്നതല്ല. കാക്കയെപ്പററി കവികളാരും ഒന്നും പറഞ്ഞിട്ടില്ലെന്നില്ല.

കാകഃ കൃഷ്ണഃ പികഃ കൃഷ്ണഃ
കോ ഭേദഃ പികകാകയൊ
വസന്തകാലേ സംപ്രാപ്തേ
കാകഃ കാകഃ പികഃ പികഃ.

എന്നുള്ളതു് കാകനെ അവമാനിക്കാൻ വേണ്ടി ഉണ്ടാക്കിയതാണെന്നു പറയുന്നതിൽ ന്യായമില്ല. ഈ ശ്ലോകാൎത്ഥം ശരിയായി ധരിച്ചവർ കാകനെയോ, കുയിലിനെയോ, ആരെയാണ് കവി ചീത്തയാക്കി പറഞ്ഞതെന്നു പറവാൻ ശക്തരാകുമൊ? ഒരിക്കലുമില്ല. പക്ഷെ,

'മാകന്ദാഗ്രേചെന്നുവസിച്ചാൽ
കാകൻ, നീയൊരു കോകിലമാകം
കാണികൾന്നിന്നെകുയിൽകുയിലെന്നൊരു
നാണയമങ്ങുനടത്തിക്കൊള്ളും'

എന്നു പറഞ്ഞ കവി കാക്കയെ നിശ്ചയമായും പരിഹസിച്ചതാണ്. ഇങ്ങിനെ പറവാൻ ആ കവി ധൈൎയ്യപ്പെട്ടതു്, കാക്ക ശിക്ഷാനിയമത്തിൽനിന്നു ഒഴിവാക്കപ്പെട്ടതാണെന്നു നല്ലവണ്ണം മനസ്സിലാക്കീട്ടുതന്നെയാണ്. കാക്ക എന്തു്തന്നെ കട്ടാലും, പിടിച്ചുപറിച്ചാലും ആരും അന്യായപ്പെടാത്തതും, ആരും ഭയം കൂടാതെ കാക്കയെ ശകാരിക്കുന്നതും, പരസ്യമായി അതിനെ കൊല ചെയ്യാനും അ

തിൻെറ ശവം പോലീസ്സുകാർ കാൺകെ കെട്ടിത്തൂക്കാനും മടിക്കാത്തതും ഇതുകൊണ്ടുതന്നെയാണു്. ഏതായാലും, മററു കവികളും വിദ്വാന്മാരും തത്വജ്ഞാനികളും എന്തു തന്നെ പറഞ്ഞാലും മനു കാക്കയെപ്പററി ഗുണമായിട്ടേ പറഞ്ഞിട്ടുള്ളു. ഒരു ഗൃഹസ്ഥൻ കാക്കപ്പെണ്ണിനെപ്പോലെ ഇരിക്കണം എന്നുള്ളതു് മനുസംഹിതയിൽ ഉള്ളതാണത്രെ. ഇതു് നമ്മുടെ വായസിയമ്മക്കു് അനശ്വരമായ ഒരു കീർത്തിയാണു്, സംശയമില്ല.

'സ്ത്രീകൾക്കശിക്ഷിതപടുത്വമമാനുഷീഷു-
പ്രാകല്യതേപറവതെന്തിഹമാനുഷീഷു?
ആകാശദേശഗമനത്തിനുമുമ്പപത്യം
കാകാലയെ,പികവധൂടിവളത്തിടുന്നു'

എന്നിങ്ങിനെ കാളിദാസൻ പികത്തിൻെറ പടുത്വത്തെ കുറിച്ചു പറഞ്ഞതിൽ, കാക്കയുടെ വിഡ്ഢിത്തം ധ്വനിപ്പിച്ചിട്ടുണ്ടു്. എന്നാൽ കാളിദാസൻ ഇക്കാര്യത്തിൽ രണ്ടു വലിയ തെററു് ചെയ്തിട്ടുണ്ടു്. അതു മനഃപൂർവ്വം ചെയ്തതാണെന്നതിനു തെളിവും ഉണ്ടു്. ഈ ഉപമ കാളിദാസൻ ദുഷ്യന്തനെക്കൊണ്ടാണു് പറയിച്ചതു്. ഭാരതത്തിൽ ശകുന്തളയാണു് പറയുന്നതു്. സ്ത്രീകളുടെ ദുസ്സാമർത്ഥ്യത്തെയാണു് കാളിദാസൻ ഇതുകൊണ്ടു് ഉദാഹരിക്കുന്നതു്. മററുള്ളവരുടെ കുട്ടികളോടുകൂടി വാത്സല്യം കാണിക്കുന്നതാവണ്ണം കാക്കയുടെ കാരുണ്യബുദ്ധിയെയാണു് ഭാരതത്തിൽ പ്രതിപാദിക്കുന്നതു്. മൂലഗ്രന്ഥത്തിൽ ഉള്ളതിനെ ഭേദപ്പെടുത്തി, അതുതന്നെ വായസിയമ്മയെ പ്രത്യക്ഷത്തി

ൽ അവമാനിക്കണം എന്നുള്ള അസൂയാബുദ്ധിയോടുകൂടി ഭേദപ്പെടുത്തി പറഞ്ഞതു് കവിശ്രേഷ്ഠനായ കാളിദാസന്നു അശേഷം പററിയതല്ല. കാളിദാസൻ മാത്രമല്ല ഇക്കാര്യത്തിൽ തെററുകാരൻ. ഇംഗ്ലീഷുകവികളും കാക്കയെ അധിക്ഷേപിച്ചു പ്രസ്താവിച്ചിട്ടുണ്ടു്. പാശ്ചാത്യ കവികൾ കാക്കയെ കള്ളനെന്നും, ചതിയനെന്നും, വൃത്തിഹീനനെന്നും, മററും പല വിധത്തിലും അപഹസിച്ചിട്ടുണ്ടു്. 'ഇതൊക്കെ നിന്നെപ്പററി പറഞ്ഞതല്ലെ?' എന്നു നമ്മുടെ കാക്കയോടു ചോദിച്ചാൽ താൻ തല ഒരു ഭാഗത്തേക്കു് ചരിച്ചു കണ്ണൊന്നു ചിമ്മി, 'അതൊന്നും എന്നെപ്പററിയല്ല എൻെറ ആംഗ്ലേയ സഹോദരിമാരെക്കുറിച്ചാണു്' എന്നു പറയും. 'പിശാചുക്കളെ അന്യോന്യം ചേർക്കുന്ന ഒരു കണ്ണിയാണു് കാക്ക'യെന്നു റോബിൻസൻ എന്ന വിദ്വാൻ പറയുന്നു. മനുഷ്യർക്കും പ്രേതങ്ങൾക്കും ഒരു മദ്ധ്യസ്ഥനായിട്ടാണു് കാക്കയുടെ സ്ഥിതിയെന്നു ഹിന്ദുക്കളും വിശ്വസിക്കുന്നുണ്ടല്ലൊ. 'ഊഹ' എന്ന പേരിൽ പ്രകൃതിശാസ്ത്രതത്വങ്ങളെ അതിരസകരമാംവണ്ണം പ്രതിപാദിക്കുന്ന വിദ്വാൻ കാക്കയെപ്പററി എന്താണു് പറയുന്നതെന്നു കേൾക്കേണ്ടതാണു്:— 'ഇന്ത്യയിലെ കാക്കകളിൽ ഒരു വിധത്തിലും സന്തോഷജനകമായ ഒരു അവസ്ഥ ഞാൻ കണ്ടിട്ടില്ല. പുറമെയുള്ള നാട്യം നേരെ മറിച്ചാണു്താനും. വലിയ മാന്യനാണു്, ലോകപ്പുക്കളുടെ അഭിപ്രായം പുല്ലുവിലയാക്കീട്ടാണു്, എന്നൊക്കെ നടിച്ചു്, വലിയ കുലീനൻെറ വസ്ത്രം ധരിച്ചു് ഡംഭിലുള്ള

ആ നടത്തവും സർവ്വസാധനങ്ങളേയും ഒററക്കണ്ണുകൊണ്ട് അ ഗണ്യമായി പരിശോധിക്കുന്ന ആ ശീലവും കാണുമ്പോൾ ആർക്കും തനിയെ ദ്വേഷ്യം പിടിക്കും. മനുഷ്യർ സാധാര ണയായി അധികമായി ഉപയോഗിക്കുന്ന അവയവത്തിന്നു് വേഗത്തിൽ പുഷ്ടിയും ബലവും ഉണ്ടാകുമെന്നുള്ള തത്വം നേരാണെങ്കിൽ കാക്കയുടെ മറേറ കണ്ണിന്നു് താമസിയാതെ കണ്ണട വെക്കേണ്ടിവരും. ഒരു കാക്കയെ കൊല്ലുന്നതിന്നു് ഈഹക്കു് അല്പമെങ്കിലും മടിയോ ശങ്കയോ ഉണ്ടാകാറില്ല ത്രെ. 'അവററയുടെ കള്ളത്തരമൊ, അവററയുടെ മര്യാദകേ ടൊ, അവററയുടെ കണ്ണുകഠോരമായ കരച്ചിലൊ, ഇവയൊ ന്നുമല്ല, അതൊക്കെ എനിക്കു് സഹിക്കാം. കാക്കകൾ നിസ്സ ഹായികളായ ജീവികളെ നിഷ്ക്കാരുണ്യം കൊന്നു ഭക്ഷി ക്കുന്നതാണു് എനിക്കു് സഹിച്ചുകൂടാത്തതു്. ചെറിയ പ ക്ഷികളെ കാക്ക വളരെ സൂക്ഷിച്ചു നോക്കും. എവിടെയാ ണു് അതിൻെറ കൂടെന്നു് മനസ്സിലാക്കും. കുട്ടി വിരിഞ്ഞു പറക്കാനാകുന്ന കാലം എണ്ണിക്കഴിക്കും. തരം നോക്കി ആ കുഞ്ഞുങ്ങളെ ഓരോന്നോരോന്നായി കൊത്തിക്കൊണ്ടുപോ യി വല്ല മരത്തിൻെറ കൊമ്പിന്മേലും വെച്ചു കാലുകൾകൊ ണ്ടു് ചവിട്ടിപ്പിടിച്ചു കൊത്തിപ്പറിച്ചു ഭക്ഷിക്കും. തള്ളപ്പ ക്ഷികളുടെ പരിഭ്രമവും സങ്കടവും നിലവിളിയും അശേഷം ഗണ്യമാക്കുകകില്ല. അതിനാണു് ഞാൻ കാക്കയെ ദയ യില്ലാതെ വെടിവെച്ചു കൊല്ലുന്നതു്'.

ലോക്ക്‌വുഡ് കിപ്ലിങ്ങ് എന്ന ആംഗ്ലേയ പണ്ഡി തൻ കാക്കയെപ്പററി, ഭ്രഷ്ടനായ തോട്ടിയെന്നും, കള്ള

നെന്നും, ചതിയനെന്നും, സാധനങ്ങൾ ഒളിച്ചുവെക്കുന്നതിൽ ചതുരനെന്നും പറഞ്ഞിരിക്കുന്നു.

കാക്കയുടെ പേർതന്നെ കള്ളനെന്നോ മറേറാ മാററണം എന്നാണു് ജെർഡഩെൻറ അഭിപ്രായം.

ഇങ്ങിനെ വേറെയും വളരെ ആംഗ്ലേയപണ്ഡിതന്മാർ കാക്കയെപ്പററി നിന്ദിച്ചു പറഞ്ഞിട്ടുണ്ടു്. എന്നാൽ മിസ്റ്റർ ഫിൻ എന്നാൾ വെറും ദോഷൈകദൃക്കിൻെറ നിലയിലല്ല കാക്കയെ വിവരിക്കുന്നതു്. കാക്കക്കു് അനേകം ഗുണങ്ങളുണ്ടെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. സ്നേഹിതന്മാരെ സങ്കടത്തിൽനിന്നു രക്ഷിക്കാൻ കാക്ക എപ്പോഴും ശ്രമിക്കുന്നതാണു്. ഒരു കാക്കയെ മനുഷ്യൻ പിടിക്കുകയൊ, അതിൻെറ ശവം കൈയിൽ വെക്കുകയൊ ചെയ്താൽ, ആ പ്രദേശത്തുള്ള കാക്കകളൊക്കെക്കൂടി കൂട്ടമിട്ടു് കരയുന്നതു് കണ്ടാൽ, മനുഷ്യനല്ല ശക്തി കുറഞ്ഞ വല്ല ശത്രുവുമായിരുന്നെങ്കിൽ നിശ്ചയമായും എല്ലാവരും കൂടി അവനെ എതിർക്കുന്നതായിരുന്നുവെന്നു് ഊഹിക്കാം. കാക്ക വളരെ ദയയുള്ള ഭർത്താവാണു്. തൻെറ ഭാര്യക്കു് തിന്നാൻ ധാരാളം സമ്പാദിച്ചുകൊടുക്കും. തീൻപണ്ടങ്ങൾ തൻെറ പക്കൽനിന്നു് പിടിച്ചുപററിക്കൊണ്ടുപോകാൻ അനുവദിക്കുകയും അങ്ങിനെ പിടിച്ചുപററിക്കൊണ്ടുപോയി തിന്നുന്നതു് കണ്ടു സന്തോഷിക്കുകയും ചെയ്യും. 'കാക്കക്കു് തമ്പില്ല പൊമ്പില്ല'യാണെന്നു് അതിൻെറ ശത്രുക്കൾപോലും സമ്മതിക്കുന്ന കാര്യമാണു്. തൻെറ കുഞ്ഞുങ്ങളോടു് അത്ര വാത്സല്യമുണ്ടു്. കുഞ്ഞുങ്ങളെ രക്ഷിക്കാൻ മനുഷ്യരോടുപോ

ല്യം പോരാടാൻ കാക്ക മടിക്കാറില്ല. മിസ്റ്റർ ഫിൻ ആൾ യോഗ്യനാണ്. ഞാൻ അദ്ദേഹത്തോട്ട് യോജിക്കുന്നു. ഞാൻ മാത്രമല്ല, കാക്കയെപ്പററിയുള്ള ഈ പ്രബന്ധങ്ങൾക്ക് ഞാൻ അധികമായി കടപ്പെട്ടിട്ടുള്ള ഡഗ്ലസ്സ് ഡീവാർ (Douglas Dewar B. A. F. Z. S.) എന്ന സമർത്ഥനായ പ്രകൃതിശാസ്ത്രജ്ഞനും അദ്ദേഹത്തോട്ട് യോജിക്കുന്നുണ്ട്. ഇദ്ദേഹം കാക്കയുടെ ഗുണങ്ങളെ അധികമായി വൎണ്ണിക്കാൻ അഥവാ തൻെറ സ്വന്ത ഭാഷയിൽ പറയുന്നതായാൽ കാക്കയെ കഴിയുന്നത്ര 'ധവളീകരിക്കാൻ' ഒരു വത്തമാന പത്രത്തിൻെറ വിലയേറിയ ഒരു കോളം മുഴുവൻ ചെലവഴിച്ചിട്ടുണ്ടത്രെ. എന്നു മാത്രമല്ല ഒരു പുസ്തകംതന്നെ കാക്കയുടെ ത്യപ്പാദങ്ങളിൽ സമപ്പിച്ചിട്ടുമുണ്ട്. അതു്നിമിത്തം അദ്ദേഹത്തിന്നു നല്ല ശകാരവും കുട്ടങ്ങിട്ടുണ്ട്.

ഏതായാലും കാക്കയുടെ സമ്പ്രദായങ്ങളും പ്രവൃത്തികളും സൂക്ഷിച്ചുനോക്കാൻ വളരെ രസമുണ്ട്. ഇത്ര രസം മററു യാതൊരു പക്ഷികളെ സൂക്ഷിക്കുന്നതിലും ഉണ്ടാകുന്നതല്ല. 'അര മണിക്കൂർ നേരം ഒരു കാക്കയുടെ പ്രവൃത്തി നോക്കിക്കൊണ്ടിരിക്കെ തനിയെ പുഞ്ചിരി തൂകാത്ത വല്ല ആളും ഉണ്ടെങ്കിൽ അദ്ദേഹം ഉടനെ ഡോക്ടരോട്ട് സട്ടിഫിക്കെററു് വാങ്ങി ആറു മാസത്തെ കല്പനക്ക് അപേക്ഷിക്കണം' എന്നാണ് മിസ്റ്റർ ഡീവാറിൻെറ അഭിപ്രായം. അതു് നേരാണ്താനും. കാക്ക വലിയ വികൃതിയാണെങ്കിലും കണ്ടു രസിക്കത്തക്ക വികൃതിയാണതിന്റേതു്.

## ആഹാര സമ്പാദ്യം

'ഞാൻ ശുദ്ധ സസ്യഭുക്കാണു്. എനിക്കു് ഗോമാംസം വജ്ജ്യമാണു്. ഞാൻ മത്സ്യം തിന്നുകയില്ല. മത്സ്യത്തിൽ വളരെ നല്ല ചിലവയേ ഞാൻ ഭക്ഷിക്കയുള്ളു' എന്നിങ്ങിനെയുള്ള ദുരഭിമാനങ്ങളൊന്നും കാകന്നില്ല. തനിക്കു സവ്വം 'സ്വാഹ'. അനേക വിഭവങ്ങളോടുകൂടി ആകണ്ഠം ചോറു് തിന്നതിന്നു് ശേഷം പ്രഥമനെന്നും പായസമെന്നും മററും പറഞ്ഞു വേറെയും കുറെക്കൂടി ശാപ്പട്ടു ഒടുവിൽ നില്ക്കാനും നിവരാനും, എന്നല്ല നേരാംവണ്ണം ശ്വാസം കഴിക്കാൻ പോലും കഴിയാതെ വലഞ്ഞു ബുദ്ധിമുട്ടീട്ടു് 'എന്താണെനി ഉപായം?' എന്നു് ഒരു സ്നേഹിതനോടു് ചോദിച്ചപ്പോൾ 'രണ്ടു വിരൽ അണ്ണാക്കിലേക്കു് കടത്തി ഛർദ്ദിച്ചുകളയു' എന്നു് ഉപദേശം കേട്ട ഉടനെ ചിരിച്ചുകൊണ്ടു്, ശിവ! ശിവ!! രണ്ടു വിരൽ ചെല്ലുമെങ്കിൽ രണ്ടു് പഴംകൂടി ചെല്ലത്തില്ലേ? എന്നു് മറുപടി പറഞ്ഞ ഉദരപ്പിശാചുകൂടി വണങ്ങി വന്ദിക്കുന്ന ബുഭുക്ഷയാണു് കാകന്റേതു്.

ആരാനും ബലിയിട്ടു കൈകൊട്ടു കേൾക്കുന്നേരം
പാരാതെ പറന്നുടൻ ചെന്നങ്ങു പിണ്ഡംകൊത്തി
ത്തിന്നുകൊണ്ടിരിക്കുന്ന കാകനും ജീവിക്കുന്നു

എന്നു് പറഞ്ഞ കവി, കാകന്റെ ഭക്ഷണം വെറും പിണ്ഡം മാത്രമാണെന്നു് വിചാരിച്ചിട്ടുണ്ടെങ്കിൽ അതു് വലിയൊരബദ്ധമാണു്. അങ്ങിനെ വിചാരിക്കാൻ സംഗതിയില്ല. ആവിധമാണെങ്കിൽ ബലിയും തപ്പണവും ഉള്ള സ

ുദായത്തിൻെറ ഇടയിൽ ദിനംപ്രതി ഒരു വീട്ടിൽനിന്നു് ഒരാൾ വീതമെങ്കിലും പിതൃഗണത്തിൽ ചേൎന്നില്ലെങ്കിൽ കാകജാതിയുടെ ഇടയിൽ ഉടനെ ഒരു ക്ഷാമനിവാരണ ധന ശേഖരം ഏൎപ്പെടുത്തേണ്ടിവരും. കേവലം അന്യന്മാരെ ആ ശ്രയിച്ചു ജീവിക്കുന്നവരെ കാകനോടു് ഉപമിക്കയാണു് മേ ല്പറഞ്ഞ പാദങ്ങളെക്കൊണ്ടു് കവി ഉദ്ദേശിച്ചതെങ്കിൽ അതും വലിയൊരു തെററാണു്. സ്വയം സഹായം പ്രമാണമാക്കി കാലം കഴിക്കുന്ന ജീവി ലോകത്തിൽ കാക്കയെപ്പോലെ മ ററൊന്നില്ല. നമ്മുടെ പിതൃക്കളുടെ തൃപ്തിക്കു് നാം ചെയ്യുന്ന കൎമ്മത്തിൽ നമുക്കു് ആവശ്യമുള്ള സഹായം ചെയ്യുന്ന ആ വിഹംഗാധിപനെ, ബലിഭുക്കെന്നും, പിണ്ഡഭോജിയെന്നും വിളിച്ചു പരിഹസിക്കുന്നതു് കേവലം കൃതഘ്നതയാണു് എ ന്നല്ല, അതു് കേവലം 'പപ്പിടംതീനി, പഴംതീനി' എന്നു പറയുന്ന രീതിയിലുള്ളതായിട്ടേ മാന്യന്മാർ വിചാരിക്കുകയു ള്ളു. കാക്കക്കു് സൎവ്വഭോജിയെന്നു് ഒരു പേർകൂടി വൈയാക രണന്മാർ കല്പിച്ചുകൊടുക്കേണ്ടതാണു്. പുഷ്പങ്ങളിലെ മധു മാത്രം ഉണ്ടു ജീവിക്കുന്ന ചില പക്ഷികളുണ്ടു്. അല്ലികൾ മാത്രം തിന്നുന്നവയുണ്ടു്. ധാന്യങ്ങളല്ലാതെ മറെറാന്നും ഭ ക്ഷിക്കാത്ത ചിലതുണ്ടു്. പഴങ്ങളെക്കൊണ്ടു് ഉപജീവിക്കു ന്നവയുണ്ടു്. മാംസം തിന്നുന്നവയും ഉണ്ടു്. കാകനാകട്ടെ ഈ പറഞ്ഞവയൊക്കെ പക്ഷഭേദം കൂടാതെ ഭക്ഷിക്കും. മുരി ക്കിൻപുഷ്പങ്ങളിലുള്ള തേൻ ചിലപ്പോൾ കാക്കകൾ ചെന്നു കുടിച്ചു സുഖിക്കുന്നതു് കാണുമ്പോൾ എനിക്കു് കഠിനമായ ദേഷ്യംപിടിക്കാറുണ്ടു്. ചീഞ്ഞഴുകിഞ്ഞു നാറുന്ന ശവങ്ങൾ

തിന്നുന്ന കഴുകന്മാരെ അവയുടെ ആ ഭക്ഷണം ശരിയായി തിന്നാൻ അനുവദിക്കാതെ അവിടെയും പോയി ഓഹരിക്ക് ചേരുന്ന ഈ ഏരപ്പൻ വൃക്ഷങ്ങളിലെ മധുവുണ്ണാൻ യോഗ്യനാണെന്ന് ഞെളിഞ്ഞു പ്രവൎത്തിക്കുന്നതു് കാണുമ്പോൾ ആൎക്കാണു് ദ്വേഷ്യം പിടിക്കാത്തതു്! തന്റെ വലിയ സ്നേഹിതൻപോലും അതു് സഹിക്കയില്ല. അങ്ങിനെയാണെങ്കിലും കാകൻ ലോകത്തേക്കു് ചെയ്യുന്ന അത്യന്തോപകാരത്തെ ആലോചിക്കുമ്പോൾ ഈ വക ദോഷങ്ങളൊക്കെ വിസ്മരിക്കേണ്ടിവരുന്നു. പ്രജകളിൽനിന്നു് പിരിച്ചെടുക്കുന്ന നികുതിയിൽനിന്നു് ശമ്പളം കൊടുത്തു നിശ്ചയിക്കപ്പെടുന്ന ശുചീകരണ ഉദ്യോഗസ്ഥന്മാരെക്കാൾ ഉപകാരപ്രദമായ പ്രവൃത്തി ചെയ്യുന്നതു് കാകനാണു്. ചീഞ്ഞടിഞ്ഞു വായുമണ്ഡലത്തെ മലിനപ്പെടുത്താവുന്ന സൎവ്വ സാധനങ്ങളും കാകൻ വിഴുങ്ങിക്കളയും. ചിലപ്പോൾ മുനിസിപ്പാൽ കൂലിക്കാരുടെ മേലന്വേഷണകൎത്താക്കളുടെ നിലയിൽ പ്രവൎത്തിക്കുന്നതു് കാണാം. രാജവീഥികൾ അടിച്ചു കൂലിക്കാർ കാട്ടങ്ങൾ വാരി, അതിന്നായി വെച്ചിരിക്കുന്ന വലിയ പാത്രങ്ങളിൽ കൊണ്ടിടുന്നതു് വളരെ ശുഷ്കാന്തിയോടുകൂടി നോക്കിക്കൊണ്ടു് സമീപത്തു് നിൽക്കുകയും, കൂലിക്കാർ തെററിയ ഉടനെ അതിലിറങ്ങി കാലുകൊണ്ടും കൊക്കുകൊണ്ടും ചിള്ളിച്ചീന്തി പരിശോധിക്കുകയും, തങ്ങളുടെ വയററിന്നുതക്ക സാധനങ്ങൾ ലഭിക്കത്തക്ക പ്രവൃത്തി കൂലിക്കാർ ചെയ്തിട്ടുണ്ടെന്നു് കണ്ടാൽ സന്തോഷിക്കുകയും ചെയ്യും. ഈ ഒടുവിൽ പറഞ്ഞ സംഗതി

യിലാണു് കാകൻ മുനിസിപ്പാൽ മേലന്വേഷണകൎത്താക്കളോടു് അധികം താരതമ്യപ്പെടുന്നതു്.

സൎവ്വ വീട്ടുകളിലെയും ഭക്ഷണകാലം കാകൻ അറിയുംപോലെ മററാരും അറികയില്ല. ഇന്നിന്ന വീട്ടിലേക്കു് ഇന്നിന്ന കാക്കകൾ പോയ്ക്കൊള്ളണം എന്നു് അവയൊക്കെക്കൂടി മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ടെന്നു് തോന്നുന്നു. ഈ നിശ്ചയത്തെ ഭേദപ്പെടുത്തിയാൽ ഒരു ശണ്ഠക്കുകൂടി സംഗതി വരുമെന്നു് എനിക്കു് ശങ്കയുണ്ടു്. പക്ഷെ വിശേഷവിധിയായി വല്ല സദ്യയും ഉണ്ടായാൽ സമീപസ്ഥന്മാരെ ഒക്കെ ക്ഷണിക്കാതിരിക്കയില്ല. ഭക്ഷണം കഴിഞ്ഞ ശേഷമുള്ള ബാക്കിയാണു് കാകന്നു് ന്യായേണ അവകാശപ്പെട്ടിട്ടുള്ളതെങ്കിലും മിക്ക സമയത്തും അതുവരെ താമസിക്കാൻ തനിക്കു് ക്ഷമയുണ്ടാകയില്ല. കുട്ടികളുടെ കൈയിൽനിന്നു് പലഹാരം തട്ടിപ്പറിക്കാൻ കാകന്നുള്ള സാമൎത്ഥ്യം പ്രസിദ്ധമാണല്ലൊ. വല്ല സാധനവും വല്ലവരും തലയിൽ പേറിക്കൊണ്ടുപോകുമ്പോൾ സാവധാനത്തിൽ അതിന്മേലെ പറന്നുകൊണ്ടു് ആവശ്യമുള്ളത്ര കൊത്തി ഭക്ഷിക്കും. അതിന്മേൽ നിന്നാൽ തന്റെ സന്നിധാനം വെളിവില്ലായിപ്പോകുമെന്നു് മനസ്സിലാക്കീട്ടുതന്നെയാണു് നിൽക്കാതെ സാവധാനത്തിൽ പറന്നു ഭക്ഷിക്കുന്നതു്.

ചിലപ്പോൾ തെററിദ്ധരിച്ചിട്ടോ, വെറും വികൃതിക്കു വേണ്ടിയൊ, എന്താണെന്നറിഞ്ഞില്ല, ചെറിയ കരണ്ടികളും, കണ്ണടകളും, തപ്പാൽകത്തുകളും മററും കാക്ക കൊത്തിക്കൊണ്ടു് പറന്നുകളയാറുണ്ടു്.

മദിരാശി ജനറൽആസ്പത്രിയിൽ കാക്കയെക്കൊണ്ടു ള്ള ബുദ്ധിമുട്ടിനെപ്പററി കാപ്പൻ ഡി. സി. കെമ്പ് (Captain D. C. Kemp) ഇങ്ങിനെ വിവരിച്ചിരിക്കുന്നു :—

'ഇവിടെ കാക്കകളെക്കൊണ്ടുള്ള ബുദ്ധിമുട്ട് സഹിക്ക വയ്യാതെ, രോഗികളുടെ സമീപത്തു് അവരുടെ ഭക്ഷണം വെക്കുന്ന ചെറിയ മേശകൾ കമ്പിവലകൾകൊണ്ടു് രക്ഷി ക്കേണ്ടിവന്നിരിക്കുന്നു.

'ഈ മേശകളിന്മേൽ ഓരോ രോഗിയുടെ സൌകൎയ്യം പോലെ അവരവരുടെ അതാതു് ദിവസത്തെ ഭക്ഷണം വെ ച്ചിരിക്കും. കിഴവന്മാരായി നടക്കാൻ പാടില്ലാത്തവരും, കാലൊ കയ്യൊ ചികിത്സാൎത്ഥം ബന്ധിക്കപ്പെട്ടവരും, മററു വല്ല സംഗതിവശാലും അനങ്ങാൻ പാടില്ലാത്തവരും ആയ രോഗികളെ കാക്കകൾ സൂക്ഷിച്ചു നോക്കി മനസ്സിലാക്കും. ഒന്നൊ അധികമൊ കാക്കകൾ അത്യന്തം സാമൎത്ഥ്യത്തോടു കൂടി നിർഭാഗ്യവാന്മാരായ ആ രോഗികളെ കൊള്ളയിടും; മേശക്കു മറവില്ലെന്നുവരികിൽ നിശ്ചയമായും അവരുടെ ഭക്ഷണസാധനങ്ങൾ അവ കൊക്കിലാക്കും.

'വയസ്സായി ക്ഷീണിച്ചു, പച്ചക്കണ്ണട ധരിച്ച ഒരു സാ ധുസ്ത്രീ ആസ്പത്രിയിൽ ഉണ്ടായിരുന്നു. ഈ സ്ത്രീ അവളുടെ നിത്യഭക്ഷണത്തിന്നു് ശരിയായി ഒരു പോരാട്ടംതന്നെ നട ത്തേണ്ടിവന്നു. രണ്ടു കാക്കകൾ ഓരോന്നു അവളുടെ ഓരോ ഭാഗത്തു പോയി നിൽക്കും. ഒന്നിനെ അകററുമ്പോൾ മറേറ തു എതിർക്കും. ഇങ്ങിനെ അവൾ തന്റെ ഭക്ഷണം ഉദരഗ ഹ്വരത്തിൽ അടച്ചുസൂക്ഷിക്കുന്നതുവരെ അവ ബുദ്ധിമുട്ടിക്കും.

7012

'പലപ്പോഴും ഈ കാക്കകൾ കത്തുകളും കടലാസ്സുകളും കൊത്തിപ്പറന്നുകളയാറുണ്ട്. ഒരിക്കൽ ഒരു യൂറേഷ്യൻരോഗി, തൻെറ പ്രിയമുള്ള ഒരാളിൽനിന്നു് കിട്ടിയ കത്തു് വായിച്ചു താഴെ വെച്ച ഉടനെ ഒരു കാക്ക അതു് കൊത്തിപ്പറന്നു. അയാൾ കോപിച്ചു ശപിച്ചു ചീത്ത പറഞ്ഞുകൊണ്ടിരിക്കുന്നതിനനുസരിച്ചു വളരെ 'അവസ്ഥ'യിൽ കൊത്തിക്കീറിത്തുടങ്ങി. നർസ് വന്നു തുണിക്കഷണങ്ങളും മററും എടുത്തെറിഞ്ഞുവെങ്കിലും വായസൻ സർവ്വം തുണസമമാക്കിക്കളഞ്ഞു.

'കാക്കകളെ ആട്ടിക്കളവാൻ മാത്രം 8 മുതൽ 14 വയസ്സുവരെ പ്രായമുള്ള കുറെ കുട്ടികളെ ശമ്പളം കൊടുത്തു നിത്തീട്ടുണ്ട്.

'ഈ ഉദ്യോഗസ്ഥന്മാർ ആവശ്യനിവൃത്തിക്കു് മതിയാകുന്നില്ലെന്നു് പറയേണ്ടതില്ല. ഹരിയോടു് യുദ്ധം ചെയ്യാൻ കല്ലും വില്ലുമാണു് കുട്ടികളുടെ ആയുധം. നല്ല ചില്ലും മരുന്നുമല്ലാതെ ഇവയോടു് വല്ലതും പററുമെന്നു് എനിക്കു് തോന്നുന്നില്ല.'

കാക്കകൾക്കു് ആസ്പത്രികളോടു് വലിയ പ്രതിപത്തിയുണ്ടെന്നു് തോന്നുന്നു. ഒരു യൂറോപ്യൻവിദ്വാൻ താഴെ പറയുന്ന കഥ പറഞ്ഞിരിക്കുന്നു.

'ഒരിക്കൽ ഡക്കായിലെ മുഖ്യ പോലീസ്സ്സ്റ്റേഷ്യൻെറ സമീപത്തുകൂടി ഞാൻ പോകുമ്പോൾ അവിടെ കുറെ ജനസംഘം കൂടിയതു് കണ്ടു. എന്താണു് സംഗതിയെന്നു് കാണ്മാൻ ഞാൻ അടുത്തു് ചെന്നു. അവിടെ അതിസുന്ദരിയായ ഒരു കാഷ്മീരയുവതി വസ്ത്രം മിക്കതും അഴിഞ്ഞു രക്തം

അണിഞ്ഞു നിലത്തു കിടക്കുന്നതു് ഞാൻ കണ്ടു. ഭർത്താവു് അവളുടെ മൂക്കു് കണ്ടിച്ചിരിക്കയാണു്. ഇന്ത്യയിലെ ഭർത്താക്കന്മാർ അപ്പപ്പോൾ ചെയ്യാറുള്ള ഒരു ചെറിയ നേരംപോക്കാണല്ലൊ അതു്. ഏതായാലും മൂക്കിന്റെ കഷണം തിരഞ്ഞുകൊണ്ടുവന്നു അതിന്റെ സ്ഥാനത്തു് തുന്നിപ്പിടിപ്പിക്കേണ്ടതാണെന്നു് ഞാൻ പറഞ്ഞു. മൂക്കിന്റെ കഷണം കൊണ്ടുവരികയും ചെയ്തു. പക്ഷെ എനിക്കു് വേറെ പ്രവൃത്തിയുണ്ടായിരുന്നതിനാൽ ഞാൻ അവിടെ അധികം നില്ക്കാതെ എന്റെ പാട്ടിന്നു പോയി. വൈകുന്നേരം വിവരമന്വേഷിക്കാൻ ഞാൻ ആസ്പത്രിയിൽ ചെന്നു. അപ്പോൾ അവിടത്തെ ഒരു വൈദ്യൻ ഇങ്ങിനെ പറഞ്ഞു. 'ഒരു അത്യാപത്തു് നേരിട്ടു. മേട്ടിയോടു് നാസികാഖണ്ഡം കഴുകിക്കൊണ്ടുവരാൻ പറഞ്ഞിരുന്നു. അവൻ അതു പാത്രത്തിൽ ഇട്ടു എവിടെക്കൊ അല്പം തെററിയ തരത്തിനു് ഒരു കാക്ക വന്നു അതു് കൊത്തിക്കൊണ്ടു പോയി'.

വെറും കളവു് മാത്രമല്ല, ധാരാളം പിടിച്ചുപറിയും കാക്ക ശീലിക്കുന്നുണ്ടു്. നാസ്സൽ കടിച്ചുകാന്നുകൊണ്ടിരിക്കുന്ന കൊട്ടകൾ കാക്കകൾ പററിക്കൊണ്ടുപോകാറുള്ള സമ്പ്രദായം എല്ലാവരും കേട്ടിരിക്കാൻ സംഗതിയുണ്ടു്.

കാക്ക വളരെ കാലം ജീവിക്കുമെന്നു പറയുന്നു. ജീവിക്കേണ്ടയൊ ഇങ്ങിനെ തിന്നാൽ? അതിവേഗത്തിൽ ഭക്ഷിക്കാൻ അത്യന്തസൌകര്യമുള്ളവയാണെന്നുള്ള വിശേഷണത്താൽ മനുഷ്യരുടെ ഇടയിൽപോലും ധാരാളം അറിയപ്പെട്ടുന്ന കോഴിക്കുഞ്ഞുങ്ങളെ കാകന്നു് ഏററവും പഥ്യമാണു്.

കോഴികൾ പുതുതായി വിരിച്ചിറങ്ങിയ ഉടനെ വിവരം കാക്ക അറിയും. മുട്ടഃത്താട്ടകൾ വെളിയിലിടാതെ മനുഷ്യൻ സൂക്ഷിക്കുന്നതു് കോഴിക്കുഞ്ഞു വിരിഞ്ഞ കഥ കാക്കകൾ അറിയാതിരിക്കാനാണു്. കോഴിക്കുഞ്ഞുകൾ മാത്രമല്ല, ഏതു പക്ഷികളുടെ കുഞ്ഞുങ്ങളും കാക്കയുടെ ഭക്ഷണമാണു്. ഉദിക്കാൻ നാലു നാഴികയുള്ളപ്പോൾ തുടങ്ങി അസ്തമിച്ചു കുറെ കഴിയുന്നതുവരെ അനദ്ധ്യായമില്ലാതെ, കാ, കാ, എന്നു നില വിളിച്ചു കരഞ്ഞിട്ടും കാക്കയുടെ ശ്വാസക്കുഴലിനു രോഗം പിടിക്കാത്തതു് പക്ഷികളുടെ മുട്ട ധാരാളം ഭക്ഷിച്ചിട്ടാണെന്നാ തോന്നുന്നു. പക്ഷികൾ കുഞ്ഞു വിരിക്കുന്നതിനു താമസിക്കാതെ പലപ്പോഴും അവയുടെ മുട്ടതന്നെയാണു് കാക്ക ശാപ്പിടാറു്. അങ്ങിനെ തള്ളപ്പക്ഷിക്കു് പൊരുന്നു കിടന്നു ബുദ്ധിമുട്ടാൻ സംഗതി വരുത്തിയില്ലല്ലൊ എന്ന കൃതാൎത്ഥതയാണു് തനിക്കു്.

കായ്കൾ പഴക്കുന്ന കാലം കാക്കക്കു നല്ലവണ്ണം അറിയാം. പഴുത്തു ഭക്ഷണയോഗ്യമായ ഉടനെ അവിടെ എത്തും. ഇക്കാൎയ്യത്തിൽ സമൎത്ഥന്മാരായ കൃഷിക്കാർകൂടി കാക്കയോടു് തോററിട്ടാണു്. മാങ്ങയും ചക്കയും പഴക്കുന്നതിനു മുമ്പു് പറിച്ചിട്ടില്ലെങ്കിൽ കാക്കയുടെ ഉച്ഛിഷ്ടമേ മനുഷ്യനു് ഭക്ഷിക്കാൻ കിട്ടുകയുള്ളൂ. എന്നാൽ ഒരു കാൎയ്യത്തിൽ ഞാൻ പലപ്പോഴും ആശ്ചൎയ്യപ്പെടാറുള്ളതു്, കാക്ക പുന്നെല്ലു് തിന്നാത്തതിലാണു്. കാക്കകളെങ്ങാൻ നെല്ലു് വിളയുമ്പോൾ തിന്നാൻ തുടങ്ങിയെങ്കിൽ പിന്നെ നെല്ലുണ്ടോ ഉടമസ്ഥക്കു ബാക്കിയാകുന്നു? ഇതു് ദൈവവിലാസമെന്നേ ഞാൻ വിചാരിക്കുന്നുള്ളൂ.

എലി, തവള, എന്നിവയൊക്കെ കാക്കകളുടെ രുചികരമായ ഭക്ഷണങ്ങളാണ്. അവക്ക് അതറിയാം. അതുകൊണ്ടാണല്ലൊ_അവ കാക്കയോട്ട് സംഖ്യത്തിനു് പോകാത്തതു്.

ഭോക്താക്കൾ നിങ്ങളും ഭോജനം ഞങ്ങളും
ഓർത്താൽ സഖിത_മുണ്ടാകുമോ വായസ!

എന്നു പറഞ്ഞതും ഒരു എലി ആയിരുന്നുവല്ലൊ? ചിതൽ, പുഴക്കൾ എന്നിവയേയും കാക്ക വെറുതെ വിടാറില്ല. ചുകന്നും മഞ്ഞയും ആയ വരകളോടുകൂടി അതിഭംഗിയുള്ള ചില പുഴക്കൾ ചിലപ്പോൾ ധൈര്യത്തോടുകൂടി ഇലകളിന്മേൽകൂടി ഇഴഞ്ഞുപോകുന്നതു് കാണാം. പട്ടിണികിടന്നു മരിച്ചാലും കാക്കകൾ അവയെ തൊടുകയില്ല. അസഹ്യമായ ഒരുവക നീർ ആ തരം പുഴക്കളിൽനിന്നു് പുറപ്പെടുമെന്നു് പക്ഷികൾക്കൊക്കെ അറിയാം. കാക്കക്കും അറിയാം. വസ്ത്രാഡംബരം ഉള്ളിലെ വിഷത്തിന്റെ ഒരു പരസ്യമാണ്. അതു് അത്ഭുതകരമായ ദൈവവിലാസം തന്നെ. കാള, പോത്തു് മുതലായ മൃഗങ്ങളുടെ ശരീരത്തിന്മേൽനിന്നു് ചെറിയ പ്രാണികളെ കാക്കകൾ കൊത്തിപ്പെറുക്കി തിന്നാറുള്ളതു് എല്ലാരും കണ്ടിരിക്കാൻ സംഗതിയുണ്ട്. ആ വക മൃഗങ്ങളെ അല്പമെങ്കിലും വേദനപ്പെടുത്താതെയാണ് കാക്ക അങ്ങിനെ ചെയ്യുന്നതു്. കന്നുപൂട്ടുന്നവന്റെ പിന്നാലെ എപ്പോഴും ഒരു കാക്കയുണ്ടായിരിക്കും. നിലം ഉഴതിട്ടുകൊണ്ടിരിക്കുമ്പോൾ വല്ല പുഴക്കളും പുറത്തു് ചാടാതിരിക്കയില്ലെന്നു് കാക്കക്കറിയാം.

കപ്പൽമാൎഗ്ഗമായും തീവണ്ടിമാൎഗ്ഗമായും സാമാനങ്ങൾ ഇറക്കുന്ന ദിക്കിൽ ഒരു കൂട്ടം കാക്കകൾ എപ്പോഴും സന്നദ്ധരായിട്ടുണ്ടാകും. ധാന്യങ്ങൾ നിറച്ച ചാക്കുകൾ, ശക്തിയുള്ള തങ്ങളുടെ കൊക്കുകൊണ്ടു് കാക്കകൾ കൊത്തിത്തുളക്കും. ഈ തുള ചില കൂലിക്കാൎക്കു് ഉപകാരപ്രദമായിതീരാറും ഉണ്ടു്.

ഇങ്ങിനെ ആഹാരസമ്പാദ്യത്തിന്നു് കാക്കകൾ ചെയ്യാറുള്ള പ്രവൃത്തികൾ അനേകമുണ്ടു്. എന്തും തിന്നാമെന്നുള്ളതിനാലും അതിനായി എന്തും പ്രവൎത്തിക്കാമെന്നുള്ളതിനാലും കാക്കകൾക്കു് ഒരു കാലത്തും ക്ഷാമബാധയില്ല. കൂലിന്നു വേണ്ടി അങ്ങിനെ അദ്ധ്വാനിക്കുന്നവൎക്കും ദാരിദ്ര്യഭയം വേണ്ട.

---

## ഗൃഹസ്ഥാശ്രമം

---

“വിഹംഗശ്രീ മാവിൻകൊമ്പിൽ വായസൻ അവൎകൾ” നല്ല ഒരു ഗൃഹസ്ഥനാണു്. സ്നേഹിതന്റെ വീട്ടിൽ പോയി ശീട്ടു് കളിച്ചോ, കുളക്കടവിൽ വെടിപറഞ്ഞോ, ഇരിക്കുന്നതിനിടയിൽ ഭാൎയ്യ ഉണ്ണാതെ താമസിച്ചു നിൽക്കുന്നുണ്ടെന്ന കഥതന്നെ വിസ്മരിക്കുന്ന ആളല്ല അദ്ദേഹം. ഒരു ഭൎത്താവിന്റെ നിലയിൽ അത്യന്തം ദയയും അച്ഛന്റെ സ്ഥിതിയിൽ അത്യന്തം സ്നേഹയും ഉള്ള ദേഹമാണു്. പ്രകൃത്യാ വലിയൊരു അത്യാഗ്രഹിയാണെങ്കിലും, താൻ ഭക്ഷിച്ചു

കൊണ്ടിരിക്കുന്ന പഴമോ, അപ്പക്കഷണമോ തന്റെ ഭാൎയ്യ പിടിച്ചുപറിച്ചുകൊണ്ടുപോകുന്നതിൽ യാതൊരു അസമ്മതിയൊ വിരോധമൊ കാണിക്കാറില്ല. ഇങ്ങിനെ പ്രവൎത്തിക്കുന്നതക്ക ഉദാരശീലനാണ് കാകനെന്നു് മിക്ക പേരും വിശ്വസിക്കുമെന്നു് തോന്നുന്നില്ല. പക്ഷെ അതു് പരമാൎത്ഥമാണു്.

പൂവൻപക്ഷി ഇങ്ങിനെ അനുകരണീയനായ ഒരു ഭൎത്താവാണെന്നുള്ളതുപോലെതന്നെ, പിട, ഗൃഹസ്ഥാജനമകുടാലങ്കാരമുക്താമണിയാണു്. ഒരു ഗൃഹസ്ഥ കാകപ്പെണ്ണിനെപ്പോലെയിരിക്കേണമെന്നു് മനു പറഞ്ഞുവെന്നു് ഞാൻ പ്രസ്താവിച്ചുവല്ലൊ?

'ആകാശദേശഗമനത്തിനുമുമ്പപത്യം
കാകാലയേപികവധൂടിവളൎത്തിടുന്നു'.

എന്നുള്ളതും വായനക്കാർ അറിയുന്ന അവസ്ഥയാണല്ലൊ. ഇതിലധികം ഒരു ബഹുമതി ഒരു പക്ഷിക്കു് നൽകാനുണ്ടോ? നല്ലവണ്ണം ആലോചിച്ചു ഗുണാഗുണങ്ങളെ വിവേചനം ചെയ്തതിന്നു ശേഷം മാത്രമേ മനു വല്ല കാൎയ്യത്തെപ്പററിയും ഒരു അഭിപ്രായം പറകയുള്ളു. കാകസ്ത്രീ 'തമ്പിള്ള പൊമ്പിള്ള'യായി കരുതി അവയോടു അത്യന്തം കാരുണ്യം കാണിക്കുന്നതു് കണ്ടറിഞ്ഞിട്ടാണു് മനു അവളെപ്പററി അങ്ങിനെ പറഞ്ഞതു്.' അങ്ങിനെയുള്ള 'അന്യാസാധാരണ ഗുണഗണം കാൺകയാൽതന്നെ'യാണു് കുയിൽ, മുട്ടയിടാൻ കാക്കക്കൂട്ടു് തിരഞ്ഞെടുക്കുന്നതു്.

എടവം, മിഥുനം, കൎക്കിടകം എന്നീ മാസങ്ങളിലാണു് കാക്കകൾ സാധാരണയായി അവയുടെ കുട്ടികൾ ഉണ്ടാക്കുന്ന

ത്. കൂട് ഇന്ന ദിക്കിലേ ഉണ്ടാക്കാവൂ എന്നു് കാകന്നു് ഏതും പ്രതിപത്തിയില്ല. അതിനെപ്പററി യാതൊരു മൂഢവിശ്വാസവും ഇല്ല. കൂട കെട്ടുവാൻ ഏതു് മരവും കാകന്നു് പത്ഥ്യം തന്നെയാണു്. പാഴാക്കിയിട്ട ചില വീട്ടുകളിന്മേലും ചിലപ്പോൾ കമ്പിത്തൂണുകളിലും കാക്കക്കൂട്ട് കാണാം.

കാക്കക്കൂട്ട് കാണാത്തവർ ആരും ഉണ്ടായിരിക്കയില്ല. അമ്മമാർ കാകനോട്ട് അതിൻെറ കൂടെവിടെയാണെന്നു് ചോദിക്കുകയും അതിന്നു കാകൻ ഉത്തരം പറയുകയും ചെയ്യുന്നതു് താരാട്ടുപാട്ടിൽ ഇങ്ങിനെ വിവരിച്ചിരിക്കുന്നു.

കാകൃതി, കനകൃതി, കാക്കേ നിൻ
കൂകൃതി, കുനകൃതി, കൂടെവിടെ?
തേകൃതി, തെനകൃതി, തെക്കേഭാഗത്തെ,
മാകൃതി, മനകൃതി, മാവിൻെറ
കോകൃതി, കൊനകൃതി, കൊമ്പത്ത്.

സത്യമായും കാക്കയുടേതു് ഒരു 'കൂകൃതികുനകൃതിക്കൂട്ട്' തന്നെയാണു്. ദൂരത്തുനിന്നു കണ്ടാൽ മരത്തിൻെറ കുറെ ചുള്ളിക്കഷണങ്ങൾ ഒന്നിച്ചു കൂട്ടിയിട്ടതാണെന്നു തോന്നും. പക്ഷെ എല്ലാ കാകൻെറയും കൂട്ട് ഒരുപോലെയായിരിക്കയില്ല. ഭക്ഷണകാൎയ്യത്തിൽ യാതൊരു പ്രത്യേകസാധനത്തിലും അധികം പ്രതിപത്തിയില്ലാത്തതുപോലെ കൂട്ടുണ്ടാക്കാൻ ഉപയോഗിക്കുന്ന സാധനത്തിലും ഒരു പ്രതിപത്തിയില്ല. ഇതിനെപ്പററി മിസ്റ്റർ ഡീവാർ ഇങ്ങിനെ എഴുതിയിരിക്കുന്നു:— 'പഴയ സമ്പ്രദായത്തിലുണ്ടായിരുന്ന സോഡക്കുപ്പികളുടെ കാക്കുകൾ ബന്ധിക്കാൻ ഉപയോഗിച്ചിരുന്ന കമ്പികളെക്കൊണ്ടു്

തന്റെ കൂടുണ്ടാക്കിയതിന്ന് കൽക്കത്തയിലെ ഒരു കാക്ക അന്നും ഇന്നും പ്രഖ്യാതനായിട്ടുണ്ട്. ബോമ്പായിക്കാർ എപ്പോഴും കൽക്കത്തക്കാരെ തോല്പിക്കേണ്ടതിനുള്ള തക്കവുംനോക്കി നിൽക്കുന്നവരാണല്ലൊ. അവിടുത്തെ കാക്കകൾ അവിടുത്തെ ജനങ്ങളെ അനുകരിക്കുവാൻ വലിയ സശ്രദ്ധന്മാരാണ്. അങ്ങിനെ ബോമ്പായിലെ കാക്ക കൽക്കത്തായിലെ തന്റെ സഹോദരനെ തോല്പിക്കുവാൻ ഉറച്ചു. കണ്ണടകളുടെ പൊൻചട്ടകൾ വെള്ളിച്ചട്ടകൾ ഇവ ഉപയോഗിച്ചു താനൊരു കൂടുണ്ടാക്കി. കൂട്ടിന്ന് ആകപ്പാടെ 400ക. വില മതിച്ചിരുന്നു. തങ്ങളുടെ രാജ്യത്തെ കാക്കയെപ്പറ്റി ബോമ്പായിലെ നേത്രവൈദ്യന്മാക്ക് അത്യന്തം അഭിമാനമുണ്ടായെങ്കിലും ഇങ്ങിനെ കൂടുണ്ടാക്കുന്ന സമ്പ്രദായത്തെ അവർ അത്ര പ്രോത്സാഹിപ്പിക്കുന്നില്ലെന്നു പറയുന്നതിൽ അധികം അബദ്ധമില്ലെന്നു വിശ്വസിക്കുന്നു. തങ്ങളുടെ കാക്ക കൽക്കത്തയിലെ കാക്കകളെ തോല്പിച്ചു കാണുന്നതു് സന്തോഷംതന്നെയാണെങ്കിലും, അതിന്നായി അവ ഈ വിധം പ്രവൃത്തി ചെയ്യുന്നതു് ബോമ്പായിക്കാക്ക് ഇഷ്ടമല്ല. കൂടിന്നു് തീപ്പിടിക്കരുതെന്നു വിചാരിച്ചോ എന്തോ, ഒരു കാക്ക തീവണ്ടിക്കാർ വേലി കെട്ടാൻ ഉപയോഗിക്കുന്ന ഉരുക്കുകമ്പിയുടെ കഷണങ്ങൾ കൊണ്ടു് കൂടുണ്ടാക്കിയിരുന്നു.

കാക്കകൾ കൂടുണ്ടാക്കുവാൻ പലവിധ സാധനങ്ങളും ഉപയോഗിക്കുമെങ്കിലും സാധാരണ നാം കാണുന്ന കാക്കക്കൂട്ട് മരത്തിന്റെ ചുള്ളിക്കൊമ്പുകൊണ്ടുണ്ടാക്കി അടിയിൽ പതമുള്ള വല്ല സാധനങ്ങളും വിരിച്ചതായിരിക്കും.

പൂവനും പിടയും കൂട്ടു കെട്ടുവാൻ സാമാനങ്ങൾ ശേഖരിക്കും. പക്ഷെ വീട്ടു പണിചെയ്യാൻ ആൺപക്ഷി യത്നിക്കാറില്ല. ആ പ്രവൃത്തി സാധാരണയായിട്ടു ചെയ്യുന്നത് തന്റെ ഭാര്യതന്നെയാണ്. ചുള്ളിക്കഷണങ്ങൾ ശേഖരിച്ചുകൊടുക്കുന്നതിൽ മാത്രമേ ഭർത്താവിന്റെ ഉത്സാഹവും സഹായവും ഉണ്ടാകാറുള്ളു. എന്നാൽ കൂട്ടു കെട്ടുമ്പോൾ ഭർത്താവും സമീപത്തുണ്ടായിരിക്കും. രണ്ടു കൂട്ടരും ഒരേ സ്ഥലത്തുനിന്നായിരിക്കും ചുള്ളിക്കൊമ്പുകൾ ശേഖരിക്കുന്നതു്. രണ്ടുപേരും ഓരോ കഷണം കിട്ടിയ ഉടനെ രണ്ടുംകൂടി ഒന്നിച്ചു പറന്നു പോകും. കൂടിന്നടുക്കെ എത്തിയാൽ ആൺപക്ഷി താൻ കൊണ്ടുവന്ന കഷണംകൂടി പെണ്ണിന്നു് കൊടുക്കും. രണ്ടു കഷണങ്ങളും തന്റെ ഭാര്യ അതിന്റെ ഇഷ്ടത്തിനനുസരിച്ചുള്ള സ്ഥാനത്തു വെക്കുന്നതുവരെ ആൺപക്ഷി സമീപത്തു വല്ലേടത്തും തഞ്ചിനിൽക്കും. എന്നാൽ ഇങ്ങിനെ രണ്ടു കഷണങ്ങൾ വെക്കാൻ സാധാരണ രണ്ടു സെക്കണ്ടു് സമയത്തിൽ അധികം വേണ്ടിവരില്ല. ചിലപ്പോൾ വളഞ്ഞ ചില കൊമ്പുകൾ കിട്ടിപ്പോയാൽ പെൺപക്ഷി കുറെ ബുദ്ധിമുട്ടേണ്ടിവരും. അവളുടെ ഇഷ്ടത്തിന്നനുസരിച്ചവിധത്തിൽ കൊമ്പുകൾ സ്ഥാപിക്കുന്നതുവരെ വളരെ തൃഷ്ണയോടുകൂടി നോക്കിനിൽക്കുകയും അവളുടെ പ്രവൃത്തി കഴിഞ്ഞെന്നു കണ്ടാൽ ഉടനെ, അവളെ താമസിച്ചുനിൽക്കാതെ പറന്നുപോകയും ചെയ്യും. പിന്നാലെതന്നെ തന്റെ പതിയും പറക്കും. മുമ്പെ പോയതിനാൽ ഭർത്താവിന്നു് മുമ്പെ ഒരു കൊമ്പു കിട്ടിയെന്നുവരാം. പക്ഷെ കൂടുണ്ടാക്കുന്നതിൽ താൻ

ഏൽപ്പെടാത്തതിനാൽ തനിക്കു് ആദ്യം കിട്ടിയതുകൊണ്ടു് പ്ര യോജനമില്ല. പത്നിക്കു് മറെറാന്നു് ലഭിക്കുന്നതു് വരെ തനി ക്കു കിട്ടിയതു് കൊക്കിൽ വെച്ചു കാത്തു് നിൽക്കേണ്ടിവരും. അവൾ വിളംബിച്ചെങ്കിൽ ഭർത്താവു് അടുത്തു ചെന്നു് ബദ്ധ പ്പെടുത്തും. അവൾക്കാണു് ആദ്യം വല്ല കഷണവും കിട്ടിയെ ന്നുവരികിൽ, ഭർത്താവിനെ കാത്തുനിൽക്കാതെ പറന്നുപോക യും ചെയ്യും. ഭാര്യ പറന്നുപോകുന്നതു് കണ്ടാൽ തനിക്കു് കൊ മ്പൊന്നും കിട്ടിയില്ലെങ്കിലും പിന്നാലെ ഭർത്താവും കുതിക്കും.

കുറെ നേരം ഇങ്ങിനെ അത്യുത്സാഹത്തോടെ കൂട്ടപണി യുന്നതിൽ യത്നിച്ചതിനുശേഷം ദമ്പതിമാർ വല്ല വൃക്ഷക്കൊ മ്പിന്മേലോ, വീട്ടുകളുടെ മുകളിലോ സൈ്വരമായി നിന്നു അന്യോന്യം പ്രേമസൂചകമായി ലാളനചുംബനാശ്ലേഷാദി കാമുകചേഷ്ടകളിൽ സസന്തോഷം ഏൽപ്പെട്ടു അല്പസമയം വി ശ്രമിക്കുന്നു. കൊക്കുകൾകൊണ്ടു് അന്യോന്യം തലയിന്മേലും ചിറകുകളിലും കൊത്തിച്ചീകി രസിക്കുന്നതിലാണു് ലാളന ചുംബനാശ്ലേഷാദി കാമുകചേഷ്ടകളൊക്കെ അടങ്ങിയിരിക്കു ന്നതെന്നു് വായനക്കാർ മനസ്സിലാക്കിയിരിക്കുമല്ലൊ? തങ്ങ ളുടെ പ്രണയം ഇങ്ങിനെ പരസ്യമായി കാണിക്കുന്നതിൽ കാകനും കാക്കപ്പെണ്ണും അശേഷം മടിക്കാറില്ല. ധാരാളം പ രിഷ്കാരം സിദ്ധിച്ച് പാശ്ചാത്യന്മാക്കല്ലാതെ ഇങ്ങിനെ ചെ യ്യാൻ ധൈര്യം വന്നു കണ്ടിട്ടില്ല. ഇംഗ്ലീഷു വിദ്യാഭ്യാസം സിദ്ധിച്ചു പരിഷ്കാരികളായ നമ്മുടെ കാമിനീകാമുകന്മാരു ടെ അനുകരണസാമർത്ഥ്യം ഇത്രമേൽ ഫലവത്തായിട്ടില്ലെന്നു തോന്നുന്നു.

കാകന്മാരുടെ വിശ്രമസുഖം അധികനേരത്തോളം ഉണ്ടാകയില്ല. കൂട്ട് കെട്ടാൻ തുടങ്ങിയാൽ രണ്ടു ദിവസംകൊണ്ടു് അതു് അവസാനിക്കും. ഉണക്കച്ചുള്ളികളാണു് സാധാരണ അവകൾ ശേഖരിച്ചു വെക്കാറെങ്കിലും ബുദ്ധിമുട്ടിയാൽ പച്ചക്കൊമ്പുകളും ഒടിച്ചു ഉപയോഗിക്കും. കൂട്ട് തീൎന്ന ഉടനെ മുട്ട ഇടുകയായി. ഒരു കാക്ക രണ്ടോ മൂന്നോ ചിലപ്പോൾ നാലോ മുട്ടകളിടും. മുട്ട പച്ചനിറത്തിൽ തവിട്ടുപുള്ളികളോടു കൂടിയവയായിരിക്കും.

പൊരുന്നിരിക്കുന്നതിൽ ആൺപക്ഷിയും ചിലപ്പോൾ സഹായിക്കാറുണ്ടെന്നു് ചിലർ പറയുന്നുണ്ടു്. പക്ഷെ ഈ കാൎയ്യത്തിൽ വിശ്വാസയോഗ്യമായ തെളിവു് ഇതുവരെ കിട്ടീട്ടില്ല.

കാക്കക്കുഞ്ഞുകളെപ്പോലെ അഭംഗിയുള്ള ജീവികൾ ലോകത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. എങ്കിലും അവയുടെ മാതാപിതാക്കന്മാർ അവ സ്വൎണ്ണംകൊണ്ടുണ്ടാക്കപ്പെട്ട ശിശുക്കളാണെന്നു വിചാരിച്ചുപോരുന്നു. കുഞ്ഞുകൾ ഉള്ള കൂട്ട് ഒരു നിമിഷമെങ്കിലും രക്ഷയില്ലാതെ വിട്ടേക്കുകയില്ല. അമ്മ ഭക്ഷണം തെണ്ടാൻ പോകുമ്പോൾ അച്ഛൻ കാവലിരിക്കും. അമ്മ മടങ്ങിവന്ന ഉടനെ അവളെ ഏല്പിച്ചു അച്ഛൻ ഭക്ഷത്തിന്നു പോകും.

സൎപ്പംമാത്രമറിഞ്ഞീടും
സൎപ്പത്തിൻെറപദങ്ങളെ

എന്നുണ്ടല്ലൊ. കാക്കകൾ ഇത്ര സൂക്ഷ്മമായി തങ്ങളുടെ കുഞ്ഞുകളെ കാത്തുനിൽക്കുന്നതിൻെറ സാരം മേലെഴുതിയ ശ്ലോകാ

ദ്ധത്തിൽ അടങ്ങിയിരിക്കുന്നു. കാക്കകൾ വലിയ കള്ളന്മാരാണ്. എവിടെയുണ്ട് ചെറിയ പക്ഷികളെന്ന് അന്വേഷിച്ചറിഞ്ഞു അവയെ കൊത്തിക്കൊന്നു ഭക്ഷിക്കുന്ന കഠിനഹൃദയന്മാരായ തസ്കരന്മാരാണ് കാക്കകൾ. അതു് തങ്ങൾക്കു നല്ല നിശ്ചയമുള്ളതിനാലാണ് തങ്ങളുടെ കുഞ്ഞുകളെ ഇത്ര സൂക്ഷിക്കുന്നതു്. യോഗ്യന്മാരായ ചില പ്രകൃതിശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ഒരു കാക്ക അതിൻെറ സമീപവാസിയുടെ മുട്ടയെയൊ കുഞ്ഞിനെയൊ ഭക്ഷിക്കയില്ലെന്നു കാണുന്നു. അയൽവാസികളോട്ട് പെരുമാറേണ്ടുന്ന മൎയ്യാദ ചില മനുഷ്യരേക്കാൾ ഈ പക്ഷിക്കാണ് അധികം അറിവുള്ളതെന്നു സാരം.

ഏകദേശം ഇരുപത്തെട്ടു ദിവസം വേണം കാക്കക്കുഞ്ഞുകൾക്കു് വെളിയിൽ പറന്നുപോകാൻ തക്ക ശേഷിയുണ്ടാകാൻ. പറക്കാറായ ഉടനെ തള്ളപ്പക്ഷി അവയെ വിട്ടൊഴിഞ്ഞു പോയ്ക്കളകയില്ല. പിന്നെയും രണ്ടുമൂന്നാഴ്ച അവയ്ക്കു ഭക്ഷണം ശേഖരിച്ചു കൊടുക്കും. ഒന്നിച്ചുകൂടി സഞ്ചരിക്കും. വായ ചുകന്നു കഴുത്തിലെ തൂവൽ അധികം തവിട്ടുനിറം ആകാതെ ഒരു നിസ്സഹായൻെറ നിലയിൽ കരഞ്ഞുകൊണ്ടു് ചിലപ്പോഴൊക്കെ നാം കാണാറുള്ളതു് ഈ പ്രായത്തിലുള്ള കാക്കക്കുഞ്ഞുകളെയാണ്. ആ പ്രായത്തിൽ അവക്കു് ഈത്തപ്പഴമല്ല ഒരു പഴവും സ്വതവേ കൊത്തിത്തിന്നുകൂട. പുണ്ണുകൊണ്ടാണ് വായ ചുകന്നതെന്നും ഈത്തപ്പഴം പഴക്കുമ്പോണ് വായിൽ പുണ്ണുണ്ടാകുന്നതെന്നും ഉള്ള വിശ്വാസത്തിന് അടിസ്ഥാനമില്ല. എങ്കിലും,

'ഈത്തപ്പഴം പഴക്കുമ്പോൾ കാക്കക്കു് വായപ്പുണ്ണ്'

എന്നുള്ള പഴഞ്ചൊല്ലു് ബഹു അർത്ഥവത്തും, ഏററവും ഉപയോഗയോഗ്യവും ആയതാകുന്നു. ഈ പ്രായത്തിൽ കുഞ്ഞുകൾ തള്ളയുടെ കൂടെത്തന്നെ അവ പോകുന്ന ദിക്കിലൊക്കെ പോകും.

ചിലപ്പോൾ തള്ളപ്പക്ഷിക്കു് വല്ല ഭക്ഷണസാധനവും കിട്ടി അവൾ അതു് കൊത്തിത്തിന്നാൻ ഭാവിക്കുമ്പോൾ കുട്ടി അടുത്തു് ചെന്നു അതു് പിടിച്ചുപറ്റാൻ ഭാവിക്കുന്നതും അതിനു് കൊടുക്കാതെ തള്ള പകുതി വിഴുങ്ങുന്നതും പിന്നെ കുട്ടിയുടെ കരച്ചിൽ കേട്ടിട്ടു് അലിവുണ്ടായിട്ടെന്നപോലെ വായിൽനിന്നു് ഉഴിഞ്ഞു് കുട്ടിയുടെ കൊക്കിൽ ഇട്ടുകൊടുക്കുന്നതും കാണ്മാൻ ബഹു രസമുള്ള കാഴ്ചകളാണു്. വല്ലതും തിന്നാൻ കിട്ടിയാൽ അതു് തന്റെ സ്വന്തം ഉദരപൂരണത്തിന്നു് ഉപയോഗിക്കുകയോ വേണ്ടതു് കരയുന്ന കുഞ്ഞുകളെ രക്ഷിക്കാൻ അവക്കു കൊടുക്കുകയോ വേണ്ടതു് എന്നീങ്ങിനെ മനസ്സിൽ രണ്ടു വിചാരങ്ങൾ തമ്മിൽ അടികൂടി വളരെനേരം ജയാപജയങ്ങൾ സംശയത്തിലായിരിക്കയും ചിലപ്പോൾ 'ആത്മപൂജ' ജയിച്ചുവെന്നു തീർച്ചപ്പെടുത്താൻ സംഗതിയാകത്തക്ക വിധം പകുതിയോളം വിഴുങ്ങുകയും ചെയ്യുന്നുണ്ടെങ്കിലും കാക്കെക്കു തന്റെ കുഞ്ഞുകളോടുള്ള കാരുണ്യത്തിനാണു് സ്വാർത്ഥപ്രതിപത്തിയേക്കാൾ ശക്തിയുള്ളതെന്നു് അവ സംശയം കൂടാതെ സ്ഥാപിച്ചിട്ടുണ്ടു്. കൂടു് വിട്ടതിനു് ശേഷവും കുറേ കാലത്തേക്കു് തന്റെ കുഞ്ഞുകളോടു് ദയ കാണിച്ചില്ലെങ്കിൽ ആഹാരസമ്പാദ്യത്തിനു് കഴിവില്ലാതെ കുഞ്ഞുകൾ നശിച്ചു പോകും. എല്ലാ പരീക്ഷയിലും ജയിച്ചു സ്വന്തം ആഹാരം

സമ്പാദിക്കാൻ കുഞ്ഞുകൾക്കു് കഴിവായെന്നു കണ്ടാൽ മാത്രമേ തള്ള തൻെറ കുഞ്ഞുകളെ കേവലം വിട്ടുപിരികയുള്ളൂ.

---

## ദിനചര്യ

---

'ഉദയഗിരി ചുകന്നു ഭാനുബിംബം വിളങ്ങീ'ട്ടുന്നതിനു് മുമ്പിൽത്തന്നെ കാകേശ്വരൻ പള്ളിക്കുറിപ്പുണരും. ഉണന്ന ഉടനെ നിലവിളിയായി. സമീപസ്ഥന്മാക്കൊന്നും മേലാൽ നേരംപുലരരുതെന്നുള്ള ദുഷ്ടവിചാരത്തോടുകൂടി തൻെറ കോഴിയേയും നെരുപ്പോട്ടും എടുത്തു കാട്ടുകയറിക്കളഞ്ഞിരുന്ന വൃദ്ധയുടെ അസൂയാബുദ്ധി കാകനില്ല. കാലത്തു് ഉറക്കം ഞെട്ടിയ ഉടനെ സമീപസ്ഥന്മാരെ ഒക്കെ വിളിച്ചുണത്തും. നേരം പുലന്നുവെന്നുള്ളതും കാക്ക കരഞ്ഞുവെന്നുള്ളതും മലയാളഭാഷയിൽ കേവലം പര്യായശബ്ദങ്ങളായിത്തീന്നിട്ടുള്ളതാലോചിച്ചാൽ നമ്മുടെ കാകൻ പുലർകാലത്തെ തെററി ധരിക്കാറില്ലെന്നു തീച്ച്യയാക്കേണ്ടതാണു്. നിലാവുള്ള ചില രാത്രി കാക്കയുടെ കരച്ചിൽ അവിടവിടെ കേട്ടെന്നു വരാം. ഇതു് ചില വിഡ്ഢികളുടെ വിഡ്ഢിത്വംകൊണ്ടു വരുന്നതാണു്. വിഡ്ഢികൾ ഏതു് കൂട്ടത്തിലും ഉണ്ടല്ലൊ. വല്ല സംഗതിവശാലും അല്പം ഉറക്കം ഞെട്ടി നോക്കുമ്പോൾ നിലാപ്രകാശം കണ്ടു നേരം പുലന്നുവെന്നു് കരുതി ഉടനെ നിലവിളിക്കും. അതു് ഉറക്കുകണ്ണിൽ ചെയ്യുന്നതാണു്. തൻെറ ഭോഷത്വം മനസ്സിലായാൽ പിന്നെ മിണ്ടില്ല. അനാവശ്യ

മായി അകാലത്തു് മററുള്ളവരുടെ ഉറക്കം ഞെട്ടിക്കുന്നതിനു് ആ വിഡ്ഢിക്കും ഭയമില്ലാതെയല്ല.

സന്ധ്യയായാൽ കാക്കകൾ കൂട്ടംകൂട്ടമായി കടലോരത്തേക്കു പറന്നുപോകുന്നതു് കാണാം. രാത്രിയായാൽ ഒരു ദേശത്തുള്ള കാകനിവാസികളൊക്കെ ഒന്നൊത്തു ചില വൃക്ഷക്കൊമ്പുകളിൽ കൂടി പകലുണ്ടായ സംഭവങ്ങളൊക്കെ ചുരുക്കത്തിൽ പ്രസ്താവിച്ചു തമ്മിൽ ധരിപ്പിച്ചു ഉറക്കത്തിനുള്ള വട്ടമായി. എന്തുതന്നെ തെററോ അബദ്ധമോ ചെയ്തിരുന്നാലും അവയെപ്പററി ഓമ്മപ്പെട്ടത്തി വ്യസനിപ്പിക്കയൊ പശ്ചാത്തപിപ്പിക്കയൊ ചെയ്യത്തക്ക മനസ്സാക്ഷി കാകനില്ലാത്തതിനാൽ അതിസത്യവാനായ ധമ്മിഷ്ഠനെപ്പോലെ യാതൊരു ആലശീലയും ഇല്ലാത്ത നിദ്രയാണു് അവൻ അനുഭവിക്കുന്നതു്.

നേരം പുലരുന്നതു് കണ്ടറിവാൻ കാകന്നു് എത്രതന്നെ സാമത്ഥ്യമുണ്ടായിരുന്നാലും മണിക്കൂറിൻെറ കണക്കു് തനിക്കു് നിശ്ചയമില്ലെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഒരു ഘടികാരയന്ത്രം കണ്ടുപിടിക്കത്തക്ക ശാസ്ത്രജ്ഞൻ കാകലോകത്തിൽ ഇതുവരെ ജനിച്ചിട്ടില്ല. സൂൎയ്യഗ്രഹണമുള്ള കാലത്തു് നേരം രാത്രിയായിപ്പോയെന്നു കാക്കകളൊക്കെ വിചാരിക്കാറുണ്ടെന്നുള്ളതിനു് ലക്ഷ്യമുണ്ടു്. "ഈഹ" ഒരു ദിക്കിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു:— '1898-ൽ പൂൎണ്ണസൂൎയ്യഗ്രഹണം ഉണ്ടായ കാലത്തു് ഞാൻ വിജയദുൎഗ്ഗത്തിൽ ആയിരുന്നു. അവിടെ ഉണ്ടായിരുന്ന കാക്കകളൊക്കെ ഗ്രഹണം ഉണ്ടായ ഉടനെ രാത്രിയാണെന്നു അബദ്ധമായി വിശ്വസിച്ചു വഞ്ചിക്ക

പ്പെട്ടു ഒക്കെക്കൂടി അവ സാധാരണ ഉറങ്ങാൻ ചെന്നുചേരുന്ന വൃക്ഷശാഖകളിൽ ചെന്നണഞ്ഞു കൊക്കുകൾ ചിറകിന്നുള്ളിൽ തിരുകി ഉറങ്ങാൻ ഭാവിച്ചപ്പോഴേക്കും ഗ്രഹണം നീങ്ങി ദിനമണി പ്രകാശിച്ചു. ഉടനെ ഒക്കെക്കൂടി ഞെട്ടിയുണന്നു ആശ്ചര്യകോപാന്ധന്മാരായി 'ഐകകകണ്ഠ്യേന' നിലവിളി തുടങ്ങി. തങ്ങളെ പററിക്കാൻ ആരോ ചെയ്തുകൂട്ടിയ വിദ്യയായിരുന്നു അതെന്നാണ് കാക്കകൾ തീച്ച്യയായും വിചാരിച്ചതു്.

കാകൻ കാലത്തെ എഴുന്നേൽക്കുമെങ്കിലും പ്രാതഃസ്നാനം ഈ ദ്വിജത്തിന്നു് അത്ര ഹൃദ്യമല്ല. കുളിക്കാൻ അധികം തണുത്ത ജലംതന്നെ വളരെ ഇഷ്ടമാണെന്നു തോന്നുന്നില്ല. എന്തെന്നാൽ മദ്ധ്യാഹ്നസ്നാനമാണ് കാകന്നു പിടിച്ചതെന്നു തോന്നുന്നു. ഏതായാലും രാവിലെ ഏഴു മണി കഴിഞ്ഞല്ലാതെ ഒരു കാക്കയും കുളിക്കാറില്ല. മുങ്ങിക്കുളി വേണമെന്നു ശാഠ്യമുണ്ടെങ്കിലും വെള്ളത്തിൻെറ ശുദ്ധാശുദ്ധതകൾ അത്ര ഗണിക്കാറില്ല. ഗംഗാംബുവായാലും ചണ്ഡാലവാപിയായാലും ഈ ഹരിക്കു ഭേദമില്ല. പുഴയോ, കുളമോ, വെറുംകുണ്ടോ, കൂപമോ ഒന്നുമില്ലെങ്കിൽ മനുഷ്യർ കുളിക്കാനോ കുടിക്കാനോ പാത്രങ്ങളിൽ കോരിവെച്ച വെള്ളമാണെങ്കിൽ അതോ, ഒക്കെ അവിടുത്തേക്കു 'നീരാട്ടുവാൻ സുഖമനല്പ'മായി നൽകുന്നതാണ്. ഇങ്ങിനെ 'മുഴുകിക്കുളിപ്പാനയ്യോ! തണുത്ത ജലവും കുളവും ചുരുക്കം' എന്നു പരിതപിച്ച കവീശ്വരൻെറ ബുദ്ധിമുട്ടൊന്നും ഇല്ലാത്തതിനാലാണ് കാകന്നു പരദേശവാസവും സ്വദേശവാസവും ഒക്കെ ഒരുപോലെ സുഖപ്രദമാകു

ന്നതു്. പക്ഷെ ഹിമാലയപർവ്വതത്തിന്റെ മുകളിലുള്ള 'അൽമൊറ' എന്ന ദിക്കിൽ ചിലപ്പോൾ കാക്കകൾപോലും മേൽപ്പറഞ്ഞ കവീന്ദ്രനെപ്പോലെ നിസ്സഹായികളായിത്തീരുന്നു. അൽമൊറയിൽ കാകസ്നാനത്തെപ്പററി മിസ്റ്റർ ഡീവർ വിവരിച്ചതിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു. 'ഹിമാലയത്തിൽ ചില കാലങ്ങളിൽ വെള്ളത്തിനു് ഏകദേശം വിസ്കിയോളം വിലയുണ്ടു്. അൽമൊറയിൽ കുടിക്കാനുള്ള വെള്ളം തപ്പിലാക്കി എത്രയോ താഴത്തുനിന്നു കയററിക്കൊണ്ടുവരണം. ഇത്ര വിലയേറിയ ഈ ജലത്തെ എന്റെ തോട്ടക്കാരൻ ഒരു തപ്പിലാക്കി സൂക്ഷിക്കാറുണ്ടു്. ഇതാണു് കാക്കകൾ അവിടെ കുളിക്കാൻ ഉപയോഗിക്കാറ്. കുളിക്കാൻ ആഗ്രഹിക്കത്തക്ക സൌകര്യമുള്ള സ്ഥലമല്ലെങ്കിലും മറെറാന്നും ഇല്ലാത്ത അവസ്ഥക്കു്, തരക്കേടില്ലെന്നുതന്നെ പറയണം'. കാക്കകൾ കുളിക്കുന്നതു് കാണാത്തവർ ഉണ്ടായിരിക്കയില്ല. വെള്ളത്തിന്റെ അട്ടക്കെ പോയിനിന്നു്, ഒന്നു നല്ലവണ്ണം നാലുപാട്ടും നോക്കി, തലയും കഴുത്തും അതിശീഘ്രമായി അതിൽ മുക്കി ധൃതിയിൽ ഒന്നു പിടപ്പിക്കും. അതോടുകൂടി തന്നെ വാലും അതിവേഗത്തിൽ വിറക്കുന്നുണ്ടായിരിക്കും. ചിറകു് സാവധാനത്തിൽ അടിച്ചുകൊണ്ടിരിക്കും. ഇങ്ങിനെ വെള്ളം നാലുപാട്ടും ഇളകി തെറിച്ചു അതിന്റെ ശരീരത്തിലും ചിറകിലും മിക്ക ഭാഗത്തും നനക്കുന്നു. പിന്നെ അതു സമീപത്തുള്ള വല്ല വൃക്ഷക്കൊമ്പിന്മേലും പറന്നു ചെന്നു നിന്നു ഒന്നു കുടഞ്ഞു കൊക്കുകൊണ്ടു തൂവലുകൾ അതിധൃതിയിൽ ചീകി ശരിയാക്കുന്നു. ഇങ്ങിനെ ചെയ്യുമ്പോൾ

എല്ലാ ഭാഗത്തും എത്തേണ്ടതിന്ന് ശരീരം വളച്ചും പുളച്ചും കളിക്കുന്ന കളി കാണുമ്പോൾ ചില കുടവയസ്സിക്കാർ കുളിക്കു മ്പോൾ പുറം തേക്കാൻ ചെയ്യാറുള്ള യത്നവും അതുനിമിത്തം അനുഭവിക്കാറുള്ള ബുദ്ധിമുട്ടും ഓൎമ്മ വരുന്നതാണ്. രണ്ടാമ തും വെള്ളത്തിന്നടുക്കെ ചെന്നു് ആദ്യം ചെയ്ത കൎമ്മങ്ങളൊ ക്കെ ഭേദംകൂടാതെ ചെയ്യുന്നു. ഇങ്ങിനെ മൂന്നും ചിലഃപ്പോൾ നാലും പ്രാവശ്യം ചെയ്യാറുണ്ട്. രണ്ടുകൊണ്ടു തൃപ്തിപ്പെടുന്ന വയും ഇല്ലെന്നല്ല. ഒടുക്കം അല്പം വെള്ളം കുടിക്കും. കുടിച്ചു കഴിഞ്ഞാൽ കുളി അവസാനിച്ചുവെന്നു നിൎണ്ണയിക്കാം.

മയിൽപ്പീലി ധരിച്ച കാകനെപ്പററി നാം വായിച്ചിട്ടു ണ്ടല്ലോ. കാക്ക ഇങ്ങിനെ വസ്ത്രാഡംബരത്തിൽ വലിയ ഭ്രാ ന്തുള്ള ജാതിയാണ്. വലിയൊരു പത്രാസിയാണ്. അവന വൻ മാത്രമല്ല, തൻെറ സജാതീയരൊക്കെ യാതൊരു വികൃ തവേഷമൊ, സുഖഹീനതയൊ ഉള്ളവരായിരിക്കരുതെന്നാ ണ് സൎവ്വ കാകൻെറയും വിചാരം. വല്ല കാക്കക്കും അല്പം ദീനമാണെന്നു കണ്ടാൽ ശേഷമുള്ളവയൊക്കെകൂടി അതി നെ കൊത്തി കുണക്കുവരുത്തിക്കളയും. വികൃതിക്കുട്ടികൾ പ ലപ്പോഴും കാക്കയെ പിടിച്ചു അവയെ പല വികൃതവേഷ വും അണിയിച്ചു വിട്ടയക്കാറുള്ളതു് സാധാരണയാണല്ലോ. കുട്ടികൾ മാത്രമല്ല വലിയവരും, അതുതന്നെ വികൃതികളെ ന്നു വെക്കേണ്ട, മാന്യന്മാരും ഈവക വിദ്യയിൽ വളരെ സശ്രദ്ധന്മാരായി പലപ്പോഴും കാണപ്പെടാറുണ്ട്. ഇങ്ങി നെ വികൃതവേഷത്തിൽ കാണപ്പെടുന്ന കാക്കയെ മററുള്ള വ കൊത്തി കൊല്ലുമത്രെ. മദിരാശിയിൽ വലിയ ഉദ്യോഗ

സ്ഥനായിരുന്ന ഒരു യൂറോപ്യൻ വലിയ ഹരിദ്വേഷിയായിരുന്നുപോൽ. തരംകിട്ടുമ്പോളൊക്കെ കാക്കയെ പിടിച്ചു അതിൻെറ കഴുത്തിലെ തൂവലുകൾ പറിച്ചു ചായം തേച്ചു വിട്ടുകയായിരുന്നു അദ്ദേഹത്തിൻെറ വിദ്യ. അങ്ങിനെയുള്ള കാക്കകളെ കാണുന്ന മാത്രത്തിൽ മററുള്ളവ ഒത്തുചെന്നു കൊത്തി സംഹരിച്ചുകളയുംപോൽ. സ്വവർഗ്ഗത്തിൽ ആരും ആഭാസനിലയിൽ കാണപ്പെടരുതെന്നുള്ള സദുദ്ദേശത്തോടുകൂടി കാക്കകൾ അനുസരിക്കുന്ന ഈ സമ്പ്രദായം അവയുടെ ശത്രുക്കൾക്കു് അനുകൂലമായി പരിണമിക്കയാണു് ചെയ്യുന്നതു്. കാകമാംസം ഭക്ഷിക്കാറുള്ള ചില വനവാസികൾ കാക്കകളുടെ ഈ സമ്പ്രദായത്തെ, അവയെ എളുപ്പത്തിൽ പിടിക്കാനുള്ള ഒരു സൂത്രമായി ഉപയോഗിക്കുന്നു. ഒരു കാക്കയെ പിടിച്ചു അതിൻെറ ചിറകു വിടർത്തി നിലത്തോടു ആണികൊണ്ടു തറപ്പിക്കും. അതു് അവിടെ കിടന്നു പിടച്ചു നിലവിളിക്കുന്നതു് മററു കാക്കകൾ കാണുമ്പോൾ അതിനെ കൊത്തിക്കൊല്ലാൻ ശ്രമിക്കും. തന്നെ എതിർക്കുന്നവയുടെ കൂട്ടത്തിൽ ഒന്നിനെ ഈ കാക്കയും ബലമായി കൊത്തിപ്പിടിക്കാൻ നോക്കും. അങ്ങിനെ ചെയ്താൽ ഒളിലിരിക്കുന്ന മനുഷ്യൻ ഉടനെ ഓടിച്ചെന്നു അതിനെയും പിടിക്കും. അതിനെക്കൊണ്ടു അങ്ങിനെതന്നെ മറെറാന്നിനെ പിടിക്കും. ഇങ്ങിനെ അനേകം കാക്കകളെ പിടിച്ചു ആവശ്യമുള്ളവയെ താൻ ഭക്ഷിച്ചു ശേഷമുള്ളവയെ പിടിച്ചു ഹിന്തുക്കളിൽ പരിശുദ്ധഹൃദയന്മാരായ ചില ഭക്തന്മാരുടെ അടുക്കെ ചെന്നു അവരുടെ മുമ്പാകെ വെച്ചു അവയെ കൊല്ലാൻ ഭാവിക്കും. അവർ ഉട

 നെ ഓരോ കാക്കക്ക കാലണയെ, അരയണയൊ കൊട്ടു ത്തു വാങ്ങി അവയെ വിട്ടയക്കും. സദുദ്ദേശത്തോടുകൂടി ഒരു ജീവി അനുസരിക്കുന്ന സമ്പ്രദായം തങ്ങൾക്കു നാശകരമായിത്തീരുകയും, ഒരാൾ മഹാപാതകമായി വിചാരിക്കുന്ന കൎമ്മം മററൊരാൾ ദ്രവ്യസമ്പാദ്യത്തിന് ഹേതുവായ വിദ്യയായി ഗണിക്കയും ചെയ്യുന്നതു് നോക്കുവിൻ! എന്തൊരു ലോകം!! ആട്ടെ, നാം കാക്കയുടെ കാൎയ്യം പറയുക. കാക്കകൾ ജാതിപ്പഞ്ചായത്തും സഭകളും കൂടാറുള്ള പ്രകാരം ചില പ്രകൃതിശാസ്ത്രജ്ഞന്മാർ പറയുന്നു. ഏതായാലും ഭാഷാസംബന്ധമായ കാൎയ്യങ്ങളെപ്പററി പ്രതിപാദിക്കാൻ അവ സഭ കൂടാറില്ലെന്നു ഞാൻ സത്യംചെയ്തു പറയാം. ഭാഷക്കു സാൎവ്വത്രികമായ ഐകരൂപ്യം വരുത്താനൊ സൎവ്വസമ്മതമായ ഒരു വ്യാകരണമുണ്ടാക്കാനൊ അവ യത്നിച്ചു തുടങ്ങിട്ടില്ല. അതിന്നു ആവശ്യവുമില്ല.

മനുഷ്യരുടെ അടുത്തു ചെല്ലാൻ ഇത്ര ധൈൎയ്യം കാണിക്കാറുള്ള ജീവി കാകനെപ്പോലെ മററൊന്നില്ല. മെരുങ്ങാൻ ഇത്ര പ്രയാസമുള്ള പക്ഷിയും കാകനെപ്പോലെ വേറെ ഇല്ല. മനുഷ്യനെ വളരെ ഭയമുള്ള അണ്ണാൻ മുതലായ ചില ജീവികൾ വളരെ എളുപ്പത്തിലും നല്ല വണ്ണവും മെരുങ്ങും. കാക്കക്കു വിടാതെ എത്ര ദിവസമെങ്കിലും ഭക്ഷണം കൊടുത്താലും അതു് മെരുങ്ങുകയില്ല. മനുഷ്യരുടെ കയ്യിൽനിന്നു ഭയം കൂടാതെ ഭക്ഷണം കൊത്തിത്തിന്നു പോകത്തക്കവിധത്തിൽ ചിലർ കാക്കകളെ മെരുക്കീട്ടുണ്ടെന്നു കാണുന്നു. കൎണ്ണൽ കൎണ്ണിങ്ങാം എന്ന സായ്പ് ഒരു കൂട്ടം

കാക്കകൾക്കു ദിവസേന ഭക്ഷണം കൊട്ടക്കാറുണ്ടായിരുന്നു പോൽ. അവയിൽ രണ്ടെണ്ണം മാത്രമെ അദ്ദേഹത്തിൻെറ കൈയിൽനിന്നു കൊത്തിത്തിന്നത്തക്കവണ്ണം ധൈൎയ്യപ്പെട്ടു അടുത്തു് ചെല്ലാറുള്ളു. ഇങ്ങിനെ പരിഷ്കാരലക്ഷണം കാണിച്ചതിനാൽ ആ രണ്ടു കാക്കകൾക്കും മററുള്ളവക്കു കൊട്ടക്കുന്നതിൽനിന്നു കുറെ വിശേഷവിധിയായ ഭക്ഷണങ്ങൾ അദ്ദേഹം കൊട്ടത്തു. മററുള്ളവക്കു അപ്പക്കഷണങ്ങൾ കൊട്ടക്കുമ്പോൾ ഇവക്കു ബിസ്കററായിരുന്നുപോൽ കൊട്ടത്തിരുന്നതു്. അപ്പക്കഷണങ്ങൾ എറിഞ്ഞുകൊട്ടക്കുന്നതു് കൈവശപ്പെട്ടത്താൻ മററുള്ളവ തമ്മിൽ ശഠിച്ചും കലഹിച്ചും യത്നിച്ചുകൊണ്ടിരിക്കെ ഈ രണ്ടു കാക്കകളും സായ്‌വിൻെറ എടത്തും വലത്തും നിന്നു നോക്കിക്കൊണ്ടിരിക്കും. സൎവ്വാണിസദ്യയൊക്കെ കഴിഞ്ഞാലാണു് തങ്ങളുടെ സദ്യയെന്നു് അവക്കറിയാം. ചില ദിവസങ്ങളിൽ ബിസ്കററു കാണിക്കാതെ ഒളിപ്പിച്ചുവെച്ചാൽ ആ രണ്ടു കാക്കകളും കുറെ പരിഭ്രമം കാണിക്കുമത്രെ. ആനിലയിൽ ഒരു കഷണം അപ്പം കൈവശപ്പെട്ടത്തിയാലോ എന്നുകൂടി വിചാരിച്ചു പ്രവൎത്തിക്കാറുണ്ടുപോൽ. തലശ്ശേരിക്കടുക്കെ വയലളത്തു് എൻെറ ഒരു സ്നേഹിതൻ ഒരു കാക്കയെ പോററിയിരുന്നു. അദ്ദേഹം എവിടെയെങ്കിലും ഇറങ്ങിപ്പോകുമ്പോൾ കാക്കയും കൂടെ പറന്നുപോകും. മുന്നിട്ടു പറന്നു ഒരു മരത്തിൻെറ കൊമ്പിന്മേൽ നില്ക്കും. അദ്ദേഹം കടന്നുപോയെന്നു കണ്ടാൽ പിന്നേയും പറന്നു മുമ്പിൽ പോയി കാത്തുനില്ക്കും. താനും കൂടെ ഒന്നിച്ചുണ്ടെന്നു ഓൎമ്മപ്പെട്ടത്താനൊ എന്തോ, ചില

പ്പോൾ പറന്നുപോകുമ്പോൾ അദ്ദേഹത്തിൻെറ തലക്കു ചിറകുകൊണ്ടു മെല്ലെ ഒന്നു തട്ടും. ഈ കാക്കയെ പിന്നെ ആരോ വെടിവെച്ചുകളകയാണു് ചെയ്തതു്.

കരടൻെറ കരച്ചലിന്നു അത്ഥമുണ്ടു്. ഒരു പ്രത്യേകതരമായ കരച്ചിൽ 'വിരുന്നുകുറിക്കൽ' ആണത്രെ. അങ്ങിനെ കരഞ്ഞാൽ ആ വീട്ടിൽ ആരോ അന്നു വിരുന്നുണ്ടാകുമെന്നാണു് വിശ്വാസം. ഒരു കാക്ക തഞ്ഞിയെ ഇരുന്നു വീട്ടിന്നടുത്തുനിന്നു ഉറക്കെ ദീനസ്വരത്തിൽ കരയുന്നതു് അനത്ഥസൂചകമാണു്. ഇങ്ങിനെയുള്ള അത്ഥങ്ങളെപ്പററി ആലോചിക്കുമ്പോൾ കാകഭാഷക്കു ഒരു നിഘണ്ഡു ഉടനെ ഉണ്ടാകുമെന്നു വിശ്വസിക്കാം. ഏതായാലും ഒരു വ്യാകരണം ഉണ്ടാകുന്നതാണെങ്കിൽ പാണിനിയെ അനുകരിക്കരുതെന്നു അപേക്ഷയുണ്ടു്. കാക്ക പറക്കുന്നതിലും ചില ലക്ഷണങ്ങളുണ്ടല്ലൊ.

എത്രായിരം കാക്കകൾ ഇന്ത്യയിൽ ഉണ്ടെന്നു് എങ്ങിനെ നിണ്ണയിക്കാം. യാതൊരു കാനീഷുമാരി കണക്കുകൊണ്ടും അതു് അറിവാൻ കഴികയില്ല. വൈകുന്നേരം സൂയ്യാസ്തമാനസമയം നമ്മുടെ വീട്ടിൻെറ മുററത്തിരുന്നു മേല്പോട്ടു നോക്കിയാൽ അനവധി കാക്കകൾ വേഗത്തിൽ പറന്നുപോകുന്നതു് കാണാം. വിശ്രമസ്ഥലത്തേക്കു മടങ്ങിപ്പോകയാണു്. പ്രകൃതിശാസ്ത്രജ്ഞനും, ഒരു വക തത്വജ്ഞാനിയും ആയ എൻെറ ഒരു സ്നേഹിതൻ പലപ്പോഴും ചില സായാഹ്നങ്ങൾ ഇങ്ങിനെ പോകുന്ന കാക്കകളെ എണ്ണുവാൻ ചെലവഴിച്ചിട്ടുണ്ടു്. ദിവസേന പന്തീരായിരത്തിൽ കുറയാതെ കാക്കകൾ തനിക്കു കാണത്തക്കവിധം തൻെറ വീട്ടിനു മീതെ

പറന്നുപോകുന്നുണ്ടെന്നാണ് അദ്ദേഹത്തിൻെറ കണക്കു്. കാക്കകൾ മനുഷ്യർ താമസിക്കുന്നതിനു് വളരെ സമീപം താമസിക്കാനാണു് ആഗ്രഹിക്കുന്നതു്. തലശ്ശേരിയും കോഴിക്കോട്ടും മററും കടപ്പുറത്തിനു് സമീപമാണു് കാക്കകൾ രാത്രിസമയം അധികം കൂടിക്കാണുന്നതു്. ശരീരശാസ്ത്രത്തിന്നനുസരിച്ചു കടൽക്കാററു് ഏൽക്കേണ്ടുന്ന ആഗ്രഹത്താലൊ, അതൊ, ഉദരപൂർത്തിക്കു മത്സ്യംപിടിക്കാരുടെ സമീപമാണു് ഫലകരമെന്നുവെച്ചൊ ഇങ്ങിനെ ചെയ്യുന്നതെന്നു അറിയുന്നില്ല. മംഗലാപുരത്തു് മൈതാനിക്കു സമീപമുള്ള റോഡിൻെറ ഇരുഭാഗത്തും ഉയരമുള്ള ആൽവൃക്ഷങ്ങളുള്ളവയിന്മേലാണു് അവിടത്തെ കാക്കകൾ നിദ്രയണയാറ്. സന്ധ്യ കഴിഞ്ഞാൽ അതിലെ വഴിപോകുന്നവരുടെ ശിരസ്സുകൾ പലപ്പോഴും കാകപുരീഷംകൊണ്ടു് അഭിഷിക്തങ്ങളാകാറുണ്ടു്. ഇവയെ അവിടെനിന്നോടിക്കാൻ മുനിസിപ്പാലിട്ടിക്കാർ പഠിച്ച പണി പതിനെട്ടും നോക്കീട്ടും അതു് സാധിച്ചിട്ടില്ല. പകൽ മുഴവനും ഉത്സാഹിച്ചു പ്രവൎത്തിക്കുന്നതിനു് കാകൻ അമാന്തിക്കാറില്ല. അത്ര ഉത്സാഹിച്ചു പകൽ മുഴവൻ യത്നിച്ചാലും വൈകുന്നേരമായി മടങ്ങി വിശ്രമസ്ഥലത്തെത്തിയാൽ യാതൊരു ക്ഷീണമൊ മടിയൊ കാണിക്കാറില്ല. രാത്രിയായിപ്പോയതുകൊണ്ടു് ഉറങ്ങേണ്ടിവന്നുവല്ലൊ എന്നേ അവക്കു വിചാരമുള്ളു എന്നു തോന്നുന്നു. മനുഷ്യനും മൃഗത്തിനും ഒരുപോലെ ഉപദ്രവകരമാകത്തക്കവിധം സൂൎയ്യനുദിക്കുന്നതി ന് മുമ്പെ എഴുന്നേൽക്കുകയും ചെയ്യും.

---

# വിനോദം

ഉള്ളതു് തിന്നുക, കിടന്നുറങ്ങുക, വല്ലവരെയും ചീത്ത പറയുക—ഇതിലധികം യാതൊന്നും "ദിനസരി"യിൽ എഴുതിവെക്കാൻ ഇല്ലാത്ത മനുഷ്യരുണ്ടല്ലൊ. ഈ സംഗതിയിൽ നമ്മുടെ ബലിഭുക്ക് ഈവക മനുഷ്യരോടു് തുല്യമാണെന്നു് പറയാം. ചതുരംഗവും ശീട്ടുകളിയും ആവക മനുഷ്യൎക്കുണ്ടെങ്കിൽ ചില വിനോദങ്ങൾ നമ്മുടെ കാക്കക്കും ഉണ്ടു്. അതിന്നു ധാരാളം സമയവും കാണും. ഭക്ഷണത്തിന്നു പരാധീനമുള്ളവർക്കാണല്ലൊ വിനോദത്തിന്നു സമയമില്ലാത്തതു്. നമ്മുടെ ദ്വിജശ്രേഷ്ഠന്നു് ചെല്ലുന്ന ദിക്കിലൊക്കെ ഭക്ഷണം കിട്ടും. ഇന്നതേ തിന്നുകൂട്ടു, ഇന്നപ്പഴേ തിന്നുകൂട്ടു, ഇന്നാളുടേതേ തിന്നുകൂട്ടു എന്നൊന്നും അവിടുത്തേക്കു് കൃത്യമോ പിട്ടത്തമോ ഇല്ലല്ലൊ. പുഴുക്കളെ മാത്രമെ ഭക്ഷിക്കയുള്ളു എന്നു് പ്രതിപത്തിയുള്ള പക്ഷികൾ അവയെ അന്വേഷിച്ചു നടക്കുന്ന തിരക്കിൽ, വിനോദത്തിന്നു സമയം കാണുകയില്ല. കായ്കനികൾ അല്ലാതെ മറെറാന്നും തിന്നുകയില്ലെന്നുള്ള ശാഠ്യമുള്ളവൎക്കും ആഹാരസമ്പാദനത്തിന്നു് വളരെ അദ്ധ്വാനിക്കേണ്ടതുണ്ടു്. വെറും സസ്യഭുക്കുകളായ വിഹഗങ്ങൾക്കും നേരംപോക്കിന്നു അവസരമുണ്ടാകയില്ല. ഈ വക യാതൊരു പ്രതിപത്തിയും ശാഠ്യവും ഇല്ലാത്ത പരിഷ്കാരിയായ വായസത്തിന്നും, കുടുംബത്തിന്നും അഗ്രഹാരമെന്നും, തീവണ്ടിആപ്പീസ്സെന്നും, ചണ്ഡാലൻെറ കുടിലെന്നും തമ്പുരാൻെറ കോവിലകമെന്നും, ഊട്ടുപുരയെന്നും, കള്ളുഷാപ്പെ

KOTTAYAM PUBLIC LIBRARY KOTTAYAM

ന്നും, വ്യത്യാസമില്ലാത്തതിനാൽ ഭക്ഷണത്തിന്നു് സ്ഥലകാലങ്ങൾ പ്രതിബന്ധങ്ങളാകുന്നില്ല. ഇത്ര ബുദ്ധിയും സാമർത്ഥ്യവും ഉള്ള പക്ഷികൾ വേറെ ഇല്ലെന്നു പ്രകൃതിശാസ്ത്രജ്ഞന്മാരൊക്കെ അഭിപ്രായപ്പെട്ടിരിക്കുന്നു. ബുദ്ധിയും സാമർത്ഥ്യവും ഉള്ളവരാരും സമയം വെറുതെ കളയുകയില്ല. കാകനും തൻെറ അനദ്ധ്യായാവസരം മടിയനായി ഇരുന്നോ ഉറങ്ങിയോ കഴിക്കുകയില്ല. മടിയരായ മനുഷ്യർ ഉറുമ്പുകളുടെ അടുക്കൽ പോയി ഉത്സാഹം ശീലിച്ചുകൊള്ളണമെന്നു ഉപദേശിച്ച ആൾ കാക്കയെ തൽക്കാലം മാർമ്മിച്ചിരുന്നില്ലെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. വല്ലതും ചെയ്യാതെ ഇരിക്കുന്ന സ്വഭാവം കാക്കക്കില്ല. ഭക്ഷണാന്വേഷണത്തിൽ ഏർപ്പെടാതിരിക്കുന്ന സമയം വല്ല വിനോദത്തിലും ഏർപ്പെട്ടിരിക്കും. ഈ വിനോദങ്ങളൊക്കെ വെറും വിനോദമാണെന്നാണു് മിസ്റ്റർ ഡീവറിൻെറ അഭിപ്രായം. എനിക്കു് ആ അഭിപ്രായമില്ല. പണ്ടൊരു മാന്യൻ ഒരു പുഴയിൽകൂടി ഒഴുകിപോകുന്നതു് കരയിൽ നിൽക്കുന്ന ഒരാൾ മറ്റൊരുവന്നു് ചൂണ്ടിക്കാണിച്ചുകൊടുത്തു. അയാൾ സൂക്ഷിച്ചുനോക്കി, 'ഹേ, അതൊരു നാട്ടുകോട്ടച്ചെട്ടിയാണു്; അദ്ദേഹം എന്തോ കാര്യത്തിന്നു പോകയാണു്. ഒഴുകിപോകുന്നതായിരിക്കാൻ പാടില്ല' എന്നു പറഞ്ഞുപോൽ. കാക്കയുടെ കളിയും കാര്യത്തിന്നു വേണ്ടിയുള്ള കളിയാണു്.

കാക്കയുടെ നേരംപോക്കുകളിൽ ഒന്നു് സഹജീവികളിൽ ആരെങ്കിലും വല്ല ഭക്ഷണസാധനവും കൊത്തിപ്പറക്കുന്നതു് കാണുമ്പോൾ അതിൻെറ പിന്നാലെ പറന്നു ആ സാധ

നം പിടിച്ചുപററാൻ ശ്രമിക്കുന്നതാണെന്നു ഡീവർ പറയു ന്നു. ഇതു് വെറും നേരംപോക്കല്ലെന്നു നമ്മൾക്കൊക്കെ അ റിയാം. ചിലപ്പോൾ ഒരു കൊത്തിന്നു വിഴുങ്ങിക്കളവാൻ സാധിക്കാത്തവിധം വലിപ്പമുള്ള ഒരു അപ്പക്കഷണം ഒരു കാകൻ വല്ല ദിക്കിൽവെച്ചും കൊക്കിലാക്കിയെന്നു വരാം. അതു് താഴത്തു വെച്ചല്ലാതെ അവനു ഭക്ഷിക്കാൻ കഴിയുക യില്ലെന്നു തനിക്കും അറിയാം, തന്റെ സജാതിയക്കൂട്ടുകും അറിയാം. അതു് ചെയ്യുവാൻ അനുവദിക്കുകയില്ലെന്നു അ വരും; ചെയ്യേ കഴിയൂ എന്നു് അവനും: മത്സരമായി, തമ്മി ൽ പന്തയമായി. അപ്പക്കാരൻ വൃക്ഷങ്ങൾ തോറും പറക്കുക യായി. പിന്നാലെതന്നെ മററുള്ളവരും. ഒരുവിധത്തിൽ മററുള്ളവരെയൊക്കെ പിന്നിട്ടു, അപ്പക്കാരൻ ഒരു മരക്കൊ മ്പിന്മേൽ ചെന്നിരുന്നു, അപ്പം അതിന്മേൽ വെച്ചു ഒരു കാ ൽകൊണ്ടു ചവിട്ടിപ്പിടിച്ചു ഒരു കൊത്തു കൊത്താൻ ശ്രമി ക്കുമ്പോഴക്കും കള്ളന്റെ പിന്നാലെ പോലീസ്സുകാരെപ്പോ ലെ, കൂട്ടരും കുതിച്ചെത്തി. അവിടുന്നു പിന്നേയും കൊ ത്തിപ്പറന്നു. നിവൃത്തിയില്ലെന്നു കണ്ടപ്പോൾ, അവൻ അ പ്പക്കഷണം താഴെ ഇട്ടു. ഉടനെ മറെറാരു കാക്ക അതും കൊ ത്തിപ്പറന്നു. എല്ലാവരും അവന്റെ പിന്നാലെയായി കുതി. കൂട്ടത്തിൽ ആദ്യത്തെ കള്ളനും ഉണ്ടായിരിക്കും. ഇങ്ങിനെ പത്തിരുപതു് പ്രാവശ്യം കൈമാറി, അഥവാ, കൊക്കു മാറി കഴിയുമ്പഴക്കും അപ്പക്കഷണം വലിപ്പം കുറഞ്ഞു വേണ്ടു ന്നത്ര പതമായി ഒരു വിഴുങ്ങലിന്നു തടസ്സം കൂടാതെ വയ ററിലാകത്തക്ക പാകത്തിലായി. ആ നിലയിൽ അതിനെ

7012

കിട്ടിയവൻ തൽക്കാലം ഭാഗ്യവാൻ. ഉടനെ വല്ല വയററു വേദനയൊ അജീൎണ്ണമൊ പിടിച്ചെന്നും വരാം. ഇങ്ങിനെയുള്ള വല്ല ഭക്ഷണപദാൎത്ഥവും കിട്ടിപ്പോയെങ്കിൽ പത്തിരുപതു് കാക്കകൾക്കു ഒരു മണിക്കൂർ നേരം വിനോദത്തിന്നു വഴിയായി.

ഉത്സാഹമുള്ളവൎക്കു മററുള്ളവർ മടിയരായിരിക്കുന്നതു് കാണ്മാൻ അത്ര രസമുണ്ടാകയില്ല. വേറെ വല്ല പക്ഷിയും വല്ല ദിക്കിലും സ്വസ്ഥമായിരിക്കുന്നതു് കാക്കക്കു രസിക്കാത്ത സംഗതിയാണു്. ആവിധം വല്ല പക്ഷിയേയും കണ്ടാൽ ഇപ്പഴത്തെ യുദ്ധത്തിൽ ആകാശവിമാനക്കാർ ചെയ്യുംപോലെ മേൽഭാഗത്തുനിന്നു പെട്ടെന്നു അതിന്റെ വളരെ സമീപത്തേക്കു അതിവേഗത്തിൽ പറന്നു താഴും. ആ സാധുപ്പക്ഷി ഭയപ്പെട്ടു നിലവിളിക്കുന്നതു് കണ്ടു ഈ കരടൻ ഉച്ചത്തിൽ അട്ടഹസിക്കും. സ്വജാതിയിൽ പെടാത്ത ഏതു പക്ഷിയേയും കാകന്നു പുച്ഛമാണു്. അസാധാരണ വേഷത്തിൽ വല്ല വിദേശിയനും നഗരത്തിൽ വന്നാൽ അവന്റെ പിന്നാലെ അങ്ങാടിപ്പിള്ളർ കൂട്ടംപോലെ, പുതുതായി വല്ല പക്ഷിയേയും കണ്ടാൽ ഈ ആത്മശ്ലാഘൻ അതിനെ പരിഹസിച്ചും ഉപദ്രവിച്ചും പിന്നാലെ കൂടും. വല്ല മൂങ്ങയും പകൽസമയം വെളിക്കിറങ്ങിയെങ്കിൽ കാക്കക്കു വിനോദത്തിന്നു നല്ല തരമായിപ്പോയി. ഒററക്കൊററയായി യുദ്ധം ചെയ്താൽ കാക്കക്കു മൂങ്ങയെ തോല്പിക്കാൻ കഴികയില്ല. അതുകൊണ്ടു് രണ്ടോ മൂന്നോ കാക്കകൾ ഒന്നിച്ചു ചേൎന്നിട്ടേ മൂങ്ങയോടു് എതിരിടുകയുള്ളൂ. എന്നാലും നേരെ ചെന്നു പൊരുതുകയില്ല. പകൽ

കണ്ണുകാണാത്ത അസൌകൎയ്യമൊ ഉണ്ടല്ലൊ; അതു് കൂടാതെ കണ്ണിൻെറ സ്ഥാനംതന്നെ മൂങ്ങക്കു അസൌകൎയ്യമുള്ളതാണു്. കാക്ക കോഴി മുതലായ പക്ഷികൾക്കും ആടു പശു മുതലായ മൃഗങ്ങൾക്കും തലയുടെ ഇരുഭാഗത്തായിട്ടാണല്ലൊ കണ്ണുള്ളതു്. അതുകൊണ്ടു് പറക്കുകയോ ഓടുകയോ ചെയ്യുമ്പോൾ പിന്നിൽനിന്നു ശത്രുക്കൾ വരുന്നുണ്ടെങ്കിൽ ക്ഷണം കാണാം. മൂങ്ങക്കും, നരി സിംഹം മുതലായ മൃഗങ്ങൾക്കും, മനുഷ്യരെപ്പോലെ മുമ്പിലാണു് കണ്ണുകൾ. സിംഹത്തിന്നും നരിക്കും മററും ശത്രുക്കളെ അധികം ഭയപ്പെടാനില്ല. മൂങ്ങ രാത്രിയിൽ മാത്രം സഞ്ചരിക്കുന്നതാകയാൽ അതിന്നും ശത്രുഭയം അധികമില്ല. അതുകൊണ്ടാണു് അവക്കു ഇങ്ങിനെയുള്ള കണ്ണുകൾ മതിയെന്നു ദൈവം കല്പിച്ചതു്. മൂങ്ങയെ പകൽസമയം കണ്ടുമുട്ടുന്ന കാക്കകൾ അതിൻെറ ഈ അസൌകൎയ്യത്തെ തങ്ങൾക്കു് അനുകൂലമായി ഉപയോഗിക്കും. പറന്നെങ്കിൽ പിന്നാലെ പറന്നു തൂവൽ കൊത്തിപ്പറിക്കും. കാക്കകളെ കൊന്നുതിന്നുന്ന ഒരുതരം മൂങ്ങയുണ്ടത്രെ. അതിനെപ്പററി മറെറാരു ദിക്കിൽ പറയാം.

രണ്ടു കഥകൾ പറയാം. രണ്ടിന്നും പകൎപ്പവകാശം എനിക്കുള്ളതല്ല.

"വളരെ മെലിഞ്ഞു എല്ലു് വെളിയിൽ കാണത്തക്ക നിലയിൽ കഷ്ടസ്ഥിതിയിൽ സങ്കടപ്പെടുന്ന ഒരു പട്ടിക്കു് ഒരു ദിവസം എവിടുന്നൊ ഒരു കഷണം മാംസം കിട്ടി. പട്ടി അതു് കടിച്ചുകാന്നുകൊണ്ടിരിക്കെ രണ്ടു കാക്കകൾ അതു് അപഹരിച്ചു. 'അവക്കു് വിശപ്പുണ്ടായതു്കൊണ്ടു്

തിന്നാൻവേണ്ടി അങ്ങിനെ ചെയ്യുതായിരുന്നില്ല. വെറും നേരംപോക്കിന്നുവേണ്ടി ചെയ്യുതായിരുന്നു. ആ മാംസക്കഷണം കാക്കകൾ രണ്ടും പട്ടിയുടെ മുമ്പിൽ കുറെ ദൂരത്തിട്ട അതിനെ ആശിപ്പിക്കും. പട്ടി അടുത്തു ചെല്ലുമ്പോൾ കൊത്തി ദൂരത്തു പറക്കും. ഇങ്ങിനെ ആ പട്ടിയെ ഇട്ട നട്ടംതിരിച്ച കഥ ഒരു യൂറോപ്യൻ നോക്കിക്കൊണ്ട നിന്നതാണ്."

"ഒരു പട്ടിയെ ഒരു ദിക്കിൽ കെട്ടിയിട്ടിരുന്നു. അതിന്നു തിന്മാൻ കൊടുത്ത ഭക്ഷണം മുഴവൻ അതു് തിന്നുകഴിഞ്ഞു ശേഷം ഒരു എല്ലിൻകഷണം ബാക്കിയായി. ശ്വാവ് അതു് കടിച്ചുകാന്നുകൊണ്ടിരിക്കെ ഒരു ഏകദൃഷ്ടി അടുത്തുചെന്നു. എല്ലു് കൊത്തിപ്പറക്കാൻ ശ്രമിച്ചപ്പോൾ നായ കുരച്ചുകൊണ്ടു് അതിന്നുനേരെ ഓടി. ഇങ്ങിനെ കുറേ നേരം കഴിഞ്ഞപ്പോൾ കാക്ക പറന്നുപോയി. അല്പനിമിഷങ്ങൾക്കുള്ളിൽ കാകൻ ഒരു സഹോദരനോടുകൂടി മടങ്ങി എത്തി. ഒന്നു പട്ടിയുടെ മുമ്പിൽ ഒരു നിരപരാധിയായ സാധുവിൻെറ നിലയിൽ നിന്നു., മറേറതു ചെന്നു ശ്വാവിൻെറ പുറത്തു നല്ലൊരു കൊത്തു കൊടുത്തു. വേദനയായ വ്യസനവും, തന്നോടു കാണിച്ച ധിക്കാരത്തെ ഓൎത്തു കോപവും, പ്രതികാരത്തിന്നുള്ള മോഹവും ഒക്കെക്കൂടി പ്രത്യക്ഷമാകത്തക്ക നിലയിൽ പല്ലിളിച്ചു കുരച്ചുകൊണ്ടു് പട്ടി തിരിഞ്ഞുനിന്നു് ആ മൌകുളിയുടെ നേരെ കുതിക്കാൻ ശ്രമിച്ചു. ആ തഞ്ചം നോക്കി മറെറ കാക്ക എല്ലും കൊത്തി പറന്നു. രണ്ടും ഒരു മരത്തിന്മേൽ ചെന്നുനിന്നു പട്ടിയെ ലാക്കാക്കി കുറെനേരം പരിഹസിച്ചട്ടഹസിച്ചു പറന്നുപോയി."

മിസ്റ്റർ ഡീവർ ഒരിക്കൽ ഉറക്കം ഞെട്ടി നോക്കുമ്പോൾ തന്റെ 'വറാന്ത'യിൽ ഒരു മയിൽ സൂര്യാതപം ഏറ്റുകൊണ്ടു സുഖിക്കുന്നതു് കണ്ടു. അഹംഭാവിയായ ഒരു ധ്വാംക്ഷനും അവിടെ എത്തി. എന്തോ ഒരു ദുർവ്വിചാരത്തോടുകൂടി ചെന്നതാണെന്നു തീർച്ചയായിരുന്നു. വളരെ ഗർവ്വോടുകൂടി നടന്നു നടന്നു മയിലിന്റെ പുറത്തു ചാടിവീണു. നീലകണ്ഠൻ ഈ അവമാനത്തെ ഗണ്യമാക്കിയില്ല. കാകൻ അവിടുന്നു അതിന്റെ തലയിൽ കേറി. ഈ ധിക്കാരം ക്ഷന്തവ്യമായിരുന്നില്ല. മയിൽ കോപത്തോടുകൂടി കാക്കയെ ലാക്കാക്കി ഒന്നു കൊത്തി. പക്ഷെ അതു കൊണ്ടില്ല. വായസൻ കുറെ ദൂരത്തു പറന്നുപോയി പിന്നെയും സാവധാനത്തിൽ നടന്നുവന്നു, മയിലിന്റെ വാൽ മെല്ലെ ഒന്നു കൊത്തിപ്പറിച്ചുനോക്കി. മയിൽ ക്ഷമിച്ചു. കാകൻ കുറെ ഉറക്കെ കൊത്തി. നീലകണ്ഠൻ കോപാതുരനായി, സംഹാരരുദ്രനെപ്പോലെ ആ വായസത്തിന്നു നേരെ തിരിഞ്ഞു. എവിടെയോ എന്തോ അടിയന്തരമായ ഒരു കാര്യമുണ്ടായിരുന്നതു് കാകന്നു അപ്പഴാണ് ഓർമ്മവന്നതു്. വേഗം അവിടേക്കു കുതിച്ചു".

ഇതു വിനോദമായിരിക്കാം. പക്ഷെ വലിയ ധിക്കാരമുള്ള വിനോദം. സുബ്രഹ്മണ്യന്റെ വാഹനം, ശ്രീകൃഷ്ണഭഗവാന്റെ ചൂഡാലങ്കാരമായ പീലിയെ വഹിച്ചുനടക്കുന്ന വിഹംഗം, വലിയ കോയിത്തമ്പുരാൻ പ്രിയതമയായ മഹാരാജ്ഞിയുടെ അടുക്കൽ സന്ദേശമയക്കാൻ തിരഞ്ഞെടുക്കപ്പെട്ട ഭാഗ്യവാൻ,—അങ്ങിനെയുള്ള നീലകണ്ഠനോടു് ധിക്കാരം കാണിക്കുന്ന കാകനുണ്ടോ മനുഷ്യനെ ബഹുമാനിക്കാൻപോകുന്നു?

കാകന്നു് 'ഊണിന്നുള്ള വട്ടം' കഴിഞ്ഞാൽ പിന്നെ ഏററവും രസമുള്ള പ്രവൃത്തി, സൂര്യോദയത്തിന്നു ശേഷം കുറേ കൂടി വിശ്രമിക്കാമെന്നു കരുതി, പുതച്ചുമൂടി കിടക്കുന്ന മനുഷ്യനെ ഉപദ്രവിക്കുകയാണു്. രാവണൻ വാണിരുന്ന കാലത്തു് ലങ്കയിൽ കാക്കകൂടി പറന്നുചെല്ലാൻ ഭയപ്പെട്ടിരുന്നതായി കേൾക്കുന്നു. "കാക്കകൂടി" എന്നു കവികൾ അലങ്കാരത്തിൽ പറഞ്ഞതായിരിക്കണം. കാക്കയെ പ്രത്യേകിച്ചു, കരുതിക്കൂട്ടി, സമർത്ഥനായിരുന്ന ആ നക്തഞ്ചരാധിപൻ ആട്ടി പുറത്താക്കിയതായിരിക്കണം. രാക്ഷസന്മാർ രാത്രികാലത്തൊക്കെ സഞ്ചരിച്ചു പകലാണല്ലൊ കിടന്നുറങ്ങുക. സീതയെ കട്ടുകൊണ്ടുപോകാൻ മാത്രം ഒരു പകൽ രാവണൻ ഉറക്കമിളച്ചതല്ലെ ഉള്ളു. പകലുറങ്ങുന്ന സമയം കാക്ക ചെവിയുടെ അടുക്കൽ വന്നു കാ, കാ, എന്നു കരഞ്ഞുകൊണ്ടിരുന്നാൽ ഉറക്കത്തിനുണ്ടോ സുഖം? അതുകൊണ്ടു രാവണൻ കരുതിക്കൂട്ടി, ഈ കരടജാതിയെ ലങ്കയിൽനിന്നു പുറത്താക്കിയതു തന്നെ, സംശയമില്ല.

ഇന്ത്യയിലെ യൂറോപ്യന്മാരോടു് ഈ പരഭൃത്തിന്നു് പ്രത്യേകം വല്ല പകയും ഉണ്ടോ എന്തൊ? ഒരു യൂറോപ്യനാണു് ഇങ്ങിനെ എഴുതിയതു്:— 'ക്ഷീണിച്ച ആംഗ്ലൊഇന്ത്യൻ യൂറോപ്പിൽ ചെയ്യാറുള്ളതുപോലെ രാവിലെ കുറെ അധികനേരം ഉറങ്ങാമെന്നു വല്ല ദിവസവും തീർച്ചയാക്കിയെങ്കിൽ സമീപത്തുള്ള കാക്കകളൊക്കെ ആ വർത്തമാനം അറിഞ്ഞുകഴിയും. ഇതെങ്ങിനെയാണു് സാധിക്കുന്നതെന്നു മനസ്സിലാകുന്നില്ല. പക്ഷെ വല്ല കൈക്കൂലിയും കൊടുത്തി

ട്ടോ ഇതു് പററിക്കുന്നതെന്നു് സംശയമുണ്ടു്. ഏതായാലും അത്ര സാരമില്ല; സാരമുള്ളതു് എന്താണെന്നല്ലെ? കാക്കകൾ ഊ വത്തമാനം മനസ്സിലാക്കി, കാലത്തെ വറാന്തയിൽ സ്ഥലംപിടിച്ചു, സാഹിബിൻെറ ഉറക്കം ഞെട്ടി പിന്നെ ഉറങ്ങുന്ന കാൎയ്യം അസാദ്ധ്യമാണെന്ന വരുത്തിക്കൂട്ടുന്നതുവരേ, തൊണ്ടക്കും കൊക്കിന്നും വിശ്രമം കൊടുക്കാതെ കൂക്കിവിളിക്കുന്നതുതന്നെ".

യൂറോപ്യന്മാർ 'ഗോൾഫ" കളിക്കുന്നതു് പലരും കണ്ടിരിക്കും. അതിന്നായി അവർ ഉപയോഗിക്കുന്നത് കോഴിമുട്ടപോലെ വെളുത്ത ഒരുവിധം പന്താണു്. ചിലപ്പോൾ കളിക്കാർ പന്തടിച്ചു അത് ദൂരത്തു പോയി വീണാൽ കാക്കകൾ കൊത്തി പറന്നുകളയാറുണ്ടത്രെ. ഇംഗ്ലണ്ടിൽ ഊവിധം കളിസ്ഥലത്തിന്നടുക്കെ വളരുന്ന ഒരു മരത്തിന്മേൽ അവിടുത്തെ കാക്കകളിൽ ഒന്നു വളരെക്കാലം പൊരുന്നിരുന്നതായും മററുള്ള കാക്കകളൊക്കെ കുഞ്ഞു വിരിച്ചിട്ടും ഈ കാക്ക പൊരുന്ന മതിയാക്കാതിരുന്നതായും ചെയ്തത് കണ്ടിട്ടുണ്ടു്. കളിക്കാരൊക്കെക്കൂടി അതിൻെറ കൂട്ട പരിശോധിച്ചിരുന്നതായും അപ്പോൾ മുട്ടകൾക്കു പകരം ഒരു 'ഗോൾഫ് കളിക്കുന്ന പന്തു്" കണ്ടിരുന്നതായും ഹച്ചിൻസൺ എന്നൊരു യൂറോപ്യൻ എഴുതി പരസ്യം ചെയ്തിരുന്നു. ഏതായാലും ഒരു കാൎയ്യം തീച്ചയാണു്: ഇന്ത്യയിലെ കാക്കകൾ ഇത്ര വലിയ വിഡ്ഢിത്വം ചെയ്തതിന്നു തെളിവില്ല. തിൎയ്യക്കുകളൊക്കെ ഊവക അവസരങ്ങളിൽ അവയുടെ ജന്മസിദ്ധബോധത്തെ അനുസരിച്ചു പ്രവൎത്തിക്കുകയല്ലാതെ, അവക്കു് ആലോചനാ

KOTTAYAM PUBLIC LIBRARY KOTTAYAM.

ശക്തി ഉണ്ടാകുന്നതല്ല. പൊരുന്നുകാലത്തു, പൊരുന്നിരിക്കേണം എന്ന ബോധമുണ്ടാകും. അതു് വല്ലതിന്മേലും ആയാൽ മതി. അല്ലാതെ സ്വന്തം മുട്ടകളിന്മേൽത്തന്നെ ആയിരിക്കേണമെന്നു ആലോചിച്ചു തീച്ചപ്പെടുത്തുവാൻ സാധിക്കുകയില്ല. തന്റെ മുട്ടകളൊക്കെ മനുഷ്യൻ തിന്നുകളഞ്ഞതായി അറിഞ്ഞാലും അറിഞ്ഞില്ലെങ്കിലും, കോഴികൾ പൊരുന്നുകാലത്തു വെറുതെ ഒരു ദിക്കിൽ പോയി പതുങ്ങി കിടക്കും. ഗുളികയിടുന്ന അളുക്കു് ചിറകിന്നുള്ളിൽ വെച്ചു ഒരു പരുന്തു് വളരെക്കാലം പൊരുന്നിരുന്നപോൽ!

"അവനവനാത്മസുഖത്തിനാചരിക്കു-
ന്നവ,യപരന്നു ഗുണത്തിനായ്‌വരേണം"

എന്ന തത്വത്തിന്നനുസരിച്ചും കാക്കകൾ പ്രവൎത്തിക്കാറുണ്ടു. കാക്കകൾ പശു കാള മുതലായ മൃഗങ്ങളുടെ ശരീരത്തിന്മേൽ ചെന്നിരുന്നു, അതിന്മേലുള്ള പ്രാണികളെ കൊത്തിപ്പെറുക്കി തിന്നുന്നതു് കാണാത്തവർ ഉണ്ടായിരിക്കുകയില്ല. ആ മൃഗങ്ങൾ ഈ സുഖം അനുഭവിച്ചുകൊണ്ടു വളരെ കൃതജ്ഞതയോടുകൂടി ഒരു ദിക്കിൽ അനങ്ങാതെ കിടന്നുകൊടുക്കും. ചിലപ്പോൾ ആ മൃഗങ്ങളുടെ ചെവിയിൽപോലും കാക്കകൾ ചെന്നു കൊത്തുന്നതു കാണാം. മൃഗങ്ങൾക്കു അതുകൊണ്ടു വേദനയാവുന്നില്ലെന്നു് തീച്ചതന്നെ. കാക്കകൾക്കു ഭക്ഷണവും ആയി, മൃഗങ്ങൾക്കു സുഖവും ആയി. ഇതിന്നു പ്രത്യുപകാരമായിട്ടുതന്നെയൊ, ദഹിപ്പിക്കാതെ കുറെ മുതിരമണികൾ ചാണകത്തോടൊന്നിച്ചു ചില കാളകൾ പുറത്തു വിടുന്നതെന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. ഏതായാലും കാളകൾ അങ്ങി

ന്നെ ചെയ്യാറുണ്ടെന്നു കാക്കകൾക്കറിയാം. എന്നിട്ടും നമ്മുടെ പൂരക്കളിക്കാർ

"കാക്കകളറിമോ ഗോക്കടെ മഹിമാ"

എന്നൊക്കെ പാടി, വലിയൊരു തത്ത്വം പ്രദർശിപ്പിച്ചതു പോലെ കൈയുംകൊട്ടി തുള്ളിച്ചാടുന്നുവല്ലൊ!

ചില കാക്കകൾ കടപ്പുറത്തു പോയി തിരമാലകൾക്കരികെ നിൽക്കുന്നതു കാണാം. പൂഴിയിൽ 'പരശുരാമൻ' എന്നെഴുതിയാൽ തിരമാലകൾ പിന്നോട്ടു പോയിക്കളയുമെന്നു ചില കുട്ടികൾ വിശ്വസിക്കുംപോലെ തൻെറ സാന്നിദ്ധ്യം കൊണ്ടു ഭയപ്പെട്ടു കടൽ മാറിക്കളയും എന്നാണ് കാക്കയുടെ ഭാവം. ചെറിയ വല്ല മത്സ്യത്തെയൊ ഞണ്ടിനെയൊ കിട്ടിയെങ്കിൽ കൊക്കിലാക്കാം, എന്നു രഹസ്യമായ ഒരു ആന്തരമുണ്ടെന്നു നടിക്കുകയേ ഇല്ല. തിര അടിച്ചു വന്നു തന്നെ നനക്കാൻ പോകുന്നുവെന്നു കാണുന്ന ഉടനെ ആകാശത്തിലേക്കു പൊങ്ങിപ്പറന്നു, 'കണ്ടില്ലേ എന്നെ നനക്കാൻ കഴിഞ്ഞുവൊ' എന്നു പത്രാസു പറയും.

ഇത്തരക്കാരായ മനുഷ്യന്മാരും ലോകത്തിൽ വളരെയുണ്ടു.

---

## ശത്രുക്കൾ

---

മററു സർവ്വ ജീവികളും കാക്കകളുടെ ശത്രുക്കളും കാക്കകൾ മററു സർവ്വ ജീവികളുടെ ശത്രുക്കളും ആണ്. കാക്കയുടെ ശത്രുക്കളിൽവെച്ചു ബലവീര്യങ്ങൾ മനുഷ്യർക്കാണെന്നതിനു

സംശയമില്ലല്ലൊ. മനുഷ്യൻ അതിനെ കല്ലെറിയുകയും വെടിവെച്ചു കൊല്ലുകയും അതിൻെറ ശവത്തെപ്പോലും അവമാനിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അവയൊക്കെ സഹിക്കാം. അവയെപ്പററി കള്ളക്കഥകൾ കെട്ടിയുണ്ടാക്കുന്നതാണു് സഹിച്ചുകൂടാത്തതു്. ഒരു കാക്ക ഒരു അപ്പക്കഷണം കൊത്തി ഒരു മരത്തിന്മേൽ ചെന്നിരുന്നു. ഒരു കുറുക്കൻ ഇതു് കണ്ടു, മരത്തിൻെറ ചുവട്ടിൽ ചെന്നുനിന്നു, "ഹാ! എത്ര ഭംഗി! എത്ര മനോഹരമായ വണ്ണം! ഇത്ര സൌന്ദയ്യമുള്ള നിൻെറ സ്വരം എത്ര ഹൃദയംഗമമായിരിക്കും" എന്നു കാക്കയെ പ്രശംസിച്ചുവെന്നും കാക്ക മുഖസ്തുതി കേട്ടു ഞെളിഞ്ഞു പാട്ടു പാട്ടുവാൻ വായ തുറന്നപ്പോൾ അപ്പക്കഷണം താഴത്തു വീണുപോയെന്നും അതു് കുറുക്കൻ കടിച്ചുകൊണ്ടുപോയെന്നും ഉള്ള കഥ കുട്ടികൾക്കുകൂടി അറിയാം. വക്കീൽമാക്കു് ഫീസ്സു കൊടുക്കുവാൻ മാത്രം കാക്കകൾക്കു പണമുണ്ടായിരുന്നുവെങ്കിൽ ഈ കഥാകർത്താവിൻെറ പേരിൽ സിവിലായും ക്രിമിനലായും പണ്ടേക്കുപണ്ടേ മാനനഷ്ടത്തിന്നും അപകീർത്തിക്കും ചില കേസ്സുകൾ ഉണ്ടായിപ്പോകുമായിരുന്നു. കുറുക്കനെ കാണുന്നതു്കൂടി കാക്കക്കു സഹിക്കാൻ പാടില്ലാത്ത ദ്വേഷ്യത്തിന്നു കാരണമാണു്. പകലെങ്ങാൻ കുറുക്കൻ വെളിക്കിറങ്ങിയെങ്കിൽ ഒരുകൂട്ടം കാക്കകൾ ഒന്നിച്ചു ചേന്നു ഉച്ചത്തിൽ കരഞ്ഞു ജംബുകൻെറ വരവിനെപ്പററി മനുഷ്യക്കു് അറിവു കൊടുക്കും. അങ്ങിനെയുള്ള കാക്ക ഒരു ക്രോഷ്ടാവു് തന്നെ മുഖസ്തുതി ചെയ്യാൻ അനുവദിച്ചുവെന്നുള്ളത് ഏതു കോടതി വിശ്വസിക്കും? അതോ ഇരിക്കട്ടെ. വായസൻ എത്രത

ന്നെ ഗർവ്വുള്ള ജീവിയായാലും താൻ തോൽക്കുമെന്നു നിശ്ച യമുള്ളപ്പോൾ ആരോടും പന്തയം കെട്ടുകയില്ല. അത് അറി ഞ്ഞുകൊണ്ടല്ലെ ശല്യർ കർണ്ണനോടു കാകനെപ്പററി ഒരു കള്ള ക്കഥകെട്ടിപ്പറഞ്ഞത്? ശല്യർ പറകയാണ്:—

ജളമതേ, കർണ്ണാ, പുനരിതുകേൾനീ
കളിയല്ല പണ്ടു നിനക്കു തുല്യനാ-
യൊരുപെരുംകാകനുളനായാനവൻ
ചരിതങ്ങളേയുമറിയുന്നീലെ നീ
ദിനംതോറുമെച്ചിൽ കൊടുത്തൊരുവൈശ്യ
തനയന്മാരായ കുമാരന്മാർമൂന്നം
വളത്താരെന്നതുനിമിത്തമായ്കാകൻ
പുളച്ചഹംകരിച്ചരയന്നങ്ങളെ
മദത്തൊടുചെന്നു വിളിച്ചിതാഴിയെ,
കടക്കേണംപറന്നിനിനാമെല്ലാരും
വെളുത്തമേനിയും ഞെളിയുംവെണ്മയും
ഇളച്ചുമുമ്പിനിക്കയക്കയുംവേണം.
അതുകേട്ടുള്ളിൽകൌതുകത്തോടന്നവും
ഉദധിതന്മീതേ പറന്നിതുമെല്ലെ
അതിലുംമേൽഭാഗത്തതിലുംവേഗത്തി-
ലതിമോദത്തോടുപറന്നുകാകനും;
തെളിഞ്ഞുവായസഗണവുമന്നേരം
തളൎന്നുകാകനും ചിറകുമന്ദിച്ചു
കുഴഞ്ഞുവെള്ളത്തിൽ പിടഞ്ഞുവീണവൻ
കഴിഞ്ഞുകാകന്തന്നഹംകാരമെല്ലാം

KOTTAYAM PUBLIC LIBRARY KOTTAYAM

വിധിബലമയ്യോ മരിച്ചാനപ്പോലെ
വിധിവിഹിതംകേൾ നിനക്കുമാകുന്നു.

കണ്ണുന്നു കാക്കയുടെ സ്വഭാവം അറിയാമായിരുന്നുവെങ്കിൽ ശല്യരെ ഉടനെ പറഞ്ഞു വിഡ്ഢിയാക്കുമായിരുന്നു. അതിന്നു ശ്രമിക്കാതെ, പറഞ്ഞൊഴിഞ്ഞുകളകയാണ് ചെയ്തതു്. ഇങ്ങിനെ തന്റെ ശത്രുക്കളിൽ പലരും നമ്മുടെ ധ്വാംക്ഷശ്രേഷ്ഠനെപ്പററി പല കള്ളക്കഥകളും കെട്ടിയുണ്ടാക്കീട്ടുണ്ട്. പരപുഷ്ടത്തിന്നു ജാതിസ്നേഹം കലശലാണ്. ഒരു കാകനെ വല്ല മനുഷ്യനും പിടിച്ചു ബന്ധനസ്ഥനാക്കിയെന്നു വരട്ടെ, ഉടനെ രാജ്യത്തുള്ള കാകന്മാരൊക്കെ സമീപത്തുതന്നെ വലിയ സഭ കൂടി ചെയ്യുന്ന പ്രസംഗത്തിന്നും ഉണ്ടാക്കുന്ന ബഹളത്തിന്നും കണക്കുണ്ടാകയില്ല. ആനിബെസന്റ് മദാമ്മയെ മദിരാശിയിൽനിന്നു ബഹിഷ്കരിച്ചപ്പോൾ ഉണ്ടായ ബഹളങ്ങൾകൂടി അതിന്നു തുല്യമാകയില്ല. ജാതിസ്നേഹംപോലെതന്നെ സ്വജാതിയിൽ വല്ലവക്കും അനത്ഥം വരുന്നതു് കണ്ടു സഹിക്കാൻ സാധിക്കാത്ത വിധം അനുകമ്പയും കാകന്നുണ്ട്. അതാണ് കാകന്റെ ശവം വല്ല ദിക്കിലും തൂക്കിക്കണ്ടാൽ അതിലെ വഴിപോകുകപോലും ചെയ്യാത്തതു്. കാകന്റെ ശത്രുക്കൾ ഇതു് തെററിദ്ധരിച്ചു ഭയംകൊണ്ടാണ് അടുത്തു് വരാത്തതെന്നു വിചാരിച്ചു, വല്ല ധാന്യമൊ മററൊ ഈ പക്ഷിയുടെ ആക്രമത്തിൽനിന്നു രക്ഷിക്കേണ്ടിവരുമ്പോൾ ഒന്നിനെ വല്ലവിധത്തിലും കൊന്നു ശവം പരസ്യമായി കെട്ടിത്തൂക്കുന്നു. ഇപ്പോൾ തോക്കിന്നു ലൈസൻസ് വേണമെന്നു ഗവമ്മേണ്ടിൽനിന്നു കല്പിച്ചതു്

കൊണ്ടാണ് ദ്വിജ്ജൂബിലിയും സുവണ്ണജൂബിലിയും ഷഷ്ടി പൂത്തിയും മററും ഘോഷിക്കാൻ ചില കാക്കകൾക്കെങ്കിലും സംഗതി വരുന്നതു്. ജഹാങ്കീർ ചക്രവത്തി ഒരു നായാട്ടിന്നു പോയിരുന്ന അവസരത്തിൽ രണ്ടായിരത്തിൽ അധികം കാക്കകളെ വെടിവെച്ചു കൊന്നിരുന്നതായി മൃഗയാസക്തനായിരുന്ന ആ ചക്രവത്തിയുടെ ദിനസരിയിൽ എഴുതിവെച്ചിരുന്നുവത്രെ.

ചിലർ കാക്കയെ പിടിച്ചു കഴുത്തിലെ രോമങ്ങളൊക്കെ പറിച്ചെടുത്തു വിടും. ചിലർ കഴുത്തിൽ വല്ല മണിയോ ടിന്നിൻെറ കഷണമോ കെട്ടിക്കൊടുക്കും. ഇങ്ങിനെ മനുഷ്യരുടെ അനാവശ്യമായ വികൃതിസ്വഭാവത്തിൻെറ സ്മാരകങ്ങളായി വളരെ കാക്കകൾ പല ദിക്കിലും ഉണ്ടു്.

പരുന്തുകൾ കാകൻെറ ശത്രുക്കളാണെന്നു പറയുന്നതു് വളരെ ശരിയല്ലെന്നാണ് രണ്ടു പേരെപ്പററിയും പറയുവാനുള്ളതൊക്കെ പറയുവാൻ അധികാരവും അവകാശവും സിദ്ധിച്ച ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. പരുന്തു് ഒന്നാന്തരം 'കെ. ഡി.'യാണു്. പോലീസ്സുകാർ കാൺകയെന്നല്ല, തരം കിട്ടിയെങ്കിൽ പോലീസ്സുകാരോടുതന്നെയും വല്ലതും തട്ടിക്കൊണ്ടുപോകത്തക്ക ധൈര്യവും ചുണയും ഉള്ള മിടുക്കനാണ് പരുന്തു്. അതിന്നുള്ള ഒരു വിശേഷവിധി, യാത്രയിൽത്തന്നെ വല്ലതും ഭക്ഷിച്ചുകൊണ്ടിരിക്കാൻ സാധിക്കുമെന്നുള്ളതാണു്. വല്ല മത്സ്യമൊ, മാംസക്കഷണമൊ കിട്ടിപ്പോയെങ്കിൽ അതു് കാലുകളിൽ ഇറുക്കിപ്പിടിച്ചു, പറന്നുകൊണ്ടിരിക്കെ ശാപ്പിടും. 'കട്ടവനോടു കട്ടാൽ ഒരു മൂളൽ'

എന്ന പഴഞ്ചൊല്ലും ഉരുവിട്ടുകൊണ്ടു കാകൻ അതിൻെറ പിന്നാലെ കൂട്ടും. അതിന്നാണല്ലൊ പരുന്തിൻെറ പിന്നാലെ കാക്ക കൂട്ടുന്നതു്. അപ്പോൾ ചില കലഹങ്ങളൊക്കെ ഉണ്ടാകുമെങ്കിലും അതു് എതിർഭാഗങ്ങളിൽ വക്കാലത്തു് ഏററ വക്കീൽമാരുടെ ശണ്ഠപോലെ അവിടെവെച്ചുതന്നെ അവസാനിക്കും.

'കാരാടൻചാരത്തൻ' എന്നൊരു പക്ഷിയുണ്ടു്. വർണ്ണം കൊണ്ടു കാക്കയെ പക്ഷെ ജയിക്കുമെങ്കിലും വലിപ്പം അത്ര യില്ല. കരടൻചാത്തൻ എന്നായിരിക്കും ശരിയായ പേരു്. മററു ദേശങ്ങളിൽ ഇതിനെന്താണു് പേരെന്നറികയില്ല. സർവ്വ പക്ഷികളുടെയും ചില മൃഗങ്ങളുടെയും ശബ്ദം അനുകരിക്കാൻ സാമർത്ഥ്യമുള്ള ഒരു രസികനാണു് ഈ പക്ഷി. താനും കാകനും ബദ്ധവിരോധികളാണു്: 'അധികം കറുത്തതു് ഞാനോ നീയോ' എന്ന ചോദ്യത്തിൽനിന്നല്ലയൊ ഈ വൈരം മുളച്ചതെന്നു ശങ്കിക്കുന്നു. ഇവർ തമ്മിൽ ശണ്ഠയുണ്ടായെങ്കിൽ പരാജയം കാകന്നായിരിക്കുമെന്നു വ്യസനപൂർവ്വം സമ്മതിക്കേണ്ടിയിരിക്കുന്നു.

മൂങ്ങകൾ കാക്കയുടെ ജന്മവൈരിയാണെന്നാണല്ലൊ പഞ്ചതന്ത്രക്കാരൻ പറയുന്നതു്. ഈ മഹാവൈരം കാകൻെറ വാഗ്ദോഷംകൊണ്ടുണ്ടായതാണത്രെ. പക്ഷികൾ ഒക്കെക്കൂടി ഒരിക്കൽ ഒരു രാജാവിനെ തിരഞ്ഞെടുക്കാൻ നിശ്ചയിച്ചു. മൂങ്ങയാണു് രാജാവാകാൻ യോഗ്യനെന്നു തീച്ചപ്പെടുത്തി. പട്ടാഭിഷേകത്തിന്നുള്ള ഏർപ്പാടുകളൊക്കെ ചെയ്തു, അതിന്നു വേണ്ടുന്ന സാധനങ്ങളൊക്കെ ഒരുക്കി. അപ്പോ

ഴെക്കും എത്തി, അവിടെ ഒരു വയസ്സൻകാക്ക. പക്ഷികളു ടെ രാജാവാകാൻ മൂങ്ങക്കു അവകാശവും യോഗ്യതയും ഇല്ലെ ന്നു ഈ വൃദ്ധൻ പ്രസ്താവിച്ചു. മൂങ്ങയെ ദൂഷിച്ചുകൊണ്ടു ഒരു പ്രസംഗവുംചെയ്തു.

വംശശുദ്ധിയില്ലാത്ത കൌശികന്മാൎക്കു രാജ്യം
സംശയംകൂടാതഹോ കൊട്ടത്താൽ സുഖംവരാ
എന്തൊരു പരമ്പരാബന്ധമിദ്ദിവാന്ധന്മാ-
ൎക്കെന്തൊരു സദാചാരമാചരിക്കുന്നിതിവർ?
സൎവ്വദാ കോപംകൊണ്ടു കറുത്ത ഭാവത്തോടെ
പൎവ്വതഗുഹകളിലൊളിച്ചു പകലെല്ലാം
രാത്രിയിൽ പുറപ്പെട്ടു ഭക്ഷണം തെണ്ടിക്കൊണ്ടു
ധാത്രിയിലിരുട്ടത്തു സഞ്ചരിക്കുന്ന കൂട്ടം
പക്ഷികൾക്കെജമാനനായ്വരുന്നേരം പകൽ
കുത്രനിന്നിവൻ രാജ്യം രക്ഷിച്ചു ഞെളിഞ്ഞുന്നു?

ഈ വിധം ശകാരം ആരു സഹിക്കും? പറഞ്ഞതൊക്കെ പരമാൎത്ഥമാണെങ്കിലും പറയുന്നതിനും ഇല്ലെ ഒരു സമ്പ്ര ദായം. പട്ടാഭിഷേകം മുടങ്ങി. അന്നു മുതൽ മൂങ്ങകൾ കാകവൎഗ്ഗത്തിൻെറ പരമശത്രുക്കളായിത്തീൎന്നു.

കുയിലാണ് ഈ പരഭൃത്തിൻെറ മറെറാരു ശത്രു. യൂറോപ്യന്മാൎക്കു കൎണ്ണകഠോരവും ഹിന്ദുക്കൾക്കു ശ്രവണ പീയൂഷവുമായ ശബ്ദത്തെ പുറപ്പെടുവിക്കുന്ന കുയിൽ മ റെറാരു 'കെ.ഡി.'യാണു്. 'നിണക്കു വേണ്ടി മററുള്ളവ രെക്കൊണ്ടു ചെയ്യിക്കുവാൻ സാധിക്കുന്നത് നീതന്നെ എ ന്തിന്നു ചെയ്തു ബുദ്ധിമുട്ടുന്നു?' എന്നാണ് കുയിലിൻെറ

നീതിശാസ്ത്രം. സാധാരണ പക്ഷികളെക്കൊണ്ടു് തന്റെ 'ആയപ്പണി' ചെയ്യിക്കുന്നതിലല്ല അതിന്റെ സന്തോഷം. സമൎത്ഥനാണെന്നു പറഞ്ഞു ഞെളിയുന്ന കാകനെക്കൊണ്ടു തന്നെ അതു് ചെയ്യിച്ചാലെ കുയിലിന്നു കൃതാൎത്ഥതയുള്ളൂ.

കുയിൽപേട കാക്കയെക്കൊണ്ടു തന്റെ മുട്ടകൾ വിരിപ്പിക്കുന്നതു് കേൾക്കാൻ വളരെ രസമുള്ള വൎത്തമാനമാണു്. കുയിലിൽ ആൺപക്ഷിക്കു വാൽ കുറെ നീളമുണ്ടു്. അതു് കാക്കക്കു ദൃഷ്ടിച്ചുകൂടാത്ത ഒരു അലങ്കാരവിശേഷമാണു്. അതു്കൊണ്ടു ആൺകുയിലിനെ കാണുന്ന മാത്രയിൽ കാക്ക അതിന്റെ പിന്നാലെ പറന്നു അതിനെ കൊത്തുവാൻ ശ്രമിക്കും. കുയിൽപെടെക്കു വേണ്ടതും അതു് തന്നെയാണു്. ആൺപക്ഷി കാക്കക്കൂടിന്നു സമീപം ചെന്നു ശകാരിച്ചുതുടങ്ങും. കാക്ക അതിന്റെ പിന്നാലെ കുതിക്കും. കാക്ക തെററിയ മാത്രയിൽ പെൺപക്ഷി കൂട്ടിൽ ചെന്നു മുട്ടയിടും. മുട്ടയിട്ടു കഴിഞ്ഞാൽ കൂയി, കൂയി, എന്നു കരയും. അതുവരെ രാമനെ കാട്ടു കടത്തിയ മാരീചനെപ്പോലെ കാകപ്പെണ്ണിനെ ആകൎഷിച്ചു കൊണ്ടുപോയ ആൺകുയിൽ ഈ ശബ്ദം കേട്ടാൽ കാൎയ്യം സാധിച്ചുവെന്നു മനസ്സിലാക്കി, വേഗത്തിൽ പറന്നു ഭാൎയ്യയോടു മുൻകൂട്ടി പറഞ്ഞുറപ്പിച്ച സ്ഥലത്തേക്കു പോകും. കാക്ക മടങ്ങിവന്നാൽ അധികമുള്ള മുട്ടകൾ കാണുകയില്ലേ? കാക്കയുണ്ടോ എണ്ണവും കണക്കും പഠിച്ചിട്ടു്. ഒന്നുമില്ല, ഒന്നു്, ഒന്നിലധികം, ഈ മൂന്നു സംഖ്യയേ കാകന്റെ ഗണിതശാസ്ത്രത്തിലുള്ളുവത്രെ. എന്നാൽ സ്വന്തം മുട്ടകൾ കാക്കക്കൂട്ടിൽ നിക്ഷേപിക്കുന്നതിന്നു

മുമ്പിൽ അതിലുള്ളമുട്ടകളൊക്കെ കയിൽ കൊത്തി താഴത്തിട്ടുകളയാറുണ്ടെന്നും ചിലർ പറയുന്നു.

കുഞ്ഞു വിരിഞ്ഞാലെങ്കിലും കാക്കകൾക്കു മനസ്സിലാകാത്തതാണത്ഭുതം. ചിറകൊക്കെ വന്നു 'ആകാശദേശഗമനത്തിന്നു' പ്രാപ്തിയാവുന്നതുവരെ രണ്ടിന്റേയും സന്താനങ്ങൾ കാഴ്ചയിൽ ഒരുപോലെ ഇരിക്കും; ഒരുപോലെ അവലക്ഷണങ്ങളായിരിക്കും. കണ്ടാൽ തിരിച്ചറിയേണ്ടുന്ന പ്രായമെത്തിയാൽ അതുവരെ വളർത്തിയതിനാലുള്ള സ്നേഹം നിമിത്തം അവയെ കൊല്ലാതെ കൊള്ളിക്കുന്നതാണെന്നു ചിലർ ഊഹിക്കുന്നു.

കാക്കയുടെ വർണ്ണം പണ്ടു വെളുത്തതായിരുന്നു. പിന്നെ എങ്ങിനെയാണ് കറുത്തു പോയതെന്നോ? അതു കാക്കയുടെയും മനുഷ്യരുടേയും ദേവന്മാരുടെ തന്നെയും ശത്രുക്കളായ അസുരന്മാർ ചെയ്ത മഹാപാപം കൊണ്ടാണ്. ചോട്ടാ നാഗപ്പൂർ എന്ന രാജ്യത്തിലെ മുണ്ടന്മാർ എന്ന ജാതിക്കാരാണ് ആ കഥ ആദ്യം മനസ്സിലാക്കിയതെന്നു കാണുന്നു. ആ ജാതിക്കാരെപ്പററി എല്ലാ വിവരവും പഠിച്ചറിഞ്ഞ 'ബ്രാഡ്ലി ബർട്ട്' എന്ന യൂറോപ്യൻ ഇങ്ങിനെ പറഞ്ഞിട്ടുണ്ടുപോൽ:

'നരകത്തിൽ വിറകു വളരെ സുഭിക്ഷമാണെന്നു കണ്ടപ്പോൾ അസുരന്മാരൊക്കെ കൂടി അവിടെ ലോഹം ഉരുക്കുന്ന ഒരു വ്യവസായശാല ഏർപ്പെടുത്തി. തീയും പുകയും വളരെ അധികമായി ഉണ്ടായി. അവയൊക്കെ ശിവലോകത്തെത്തി ധൂർജ്ജടിയെ ഉപദ്രവിച്ചു. വ്യവസായശാലയിൽ രാവും പകലും പണിചെയ്യുന്നതു നിർത്തൽ ചെയ്യേണമെന്നു പരമശിവൻ

കല്പിച്ചു. ധിക്കാരികളായ അസുരന്മാർ ആ കല്പന ഗണ്യമാക്കിയില്ല. ശിവൻ ഒരു കാരാടൻചാത്തനെയും മൂങ്ങയേയും അയച്ചു. അവരെ അസുരന്മാർ പരിഹസിച്ചുവിട്ടു. അപ്പോൾ ഒരു കാക്കയെ അയച്ചു. അന്നു കാക്കകളൊക്കെ വെളുത്തിട്ടായിരുന്നു. ഈ കാക്കയെ അസുരന്മാർ പിടിച്ചു, പുകയിൽ കാണിച്ചു കൃഷ്ണവർണ്ണമാക്കിവിട്ടു. അന്നുമുതൽ കാക്കകളൊക്കെ കറുത്തുപോയി.

ഏതായാലും ഈ പുസ്തകത്തിൽ അവയെ കഴിയുന്നത്ര വെളുപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്

ശുഭം.

---

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M 590 *Acc. No.* 7012

This book should be returned on or before the date last stamped below.

26 JUL 1983
24 OCT 1990
3 - OCT 2008

M590 Acc. No. 7012

AUTHOR

ഉവ... ക്കോണ്

M590 7012

ഉമാരൻ ഖൂർക്കോണ്
ക്കാരുകൾ

# അഭിപ്രായങ്ങൾ

'കാകൻ' ഏററവും മനോഹരമായ ഒരു കൃതിയാണ് കുമാരൻെറ നാനാമുഖമായ മനോധർമ്മപ്രസരം അതിൽ അതിൻെറ അത്യുച്ചകോടിയിൽ തെളിഞ്ഞുകാണാം.

—മഹാകവി

ഡഗ്ളസ്സ് ഡീവാർ എന്ന പ്രകൃതിശാസ്ത്രജ്ഞൻെറ പ്രബന്ധങ്ങളെ അവലംബിച്ചുകൊണ്ട് മൂക്കോത്തു കുമാരൻ രചിച്ചിട്ടുള്ള ഒരു മനോഹരകൃതിയാണ് 'കാകൻ'. സരളവും, പ്രസന്നവും, മധുരവുമായ ഒരു ഗദ്യശൈലിയിൽ വ[illegible]ത്തെട്ടുതരം മോഹനമായ ശില്പംതന്നെയായിട്ടുണ്ട് കാകൻ.

—എസ്. പരമേശ്വരൻ



ക്കോത്ത് കുമാരൻ